കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

e-mail:lfadtvm@yahoo.in

dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

**നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.8/02/2020**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം ജില്ലാ കാര്യാലയം

തീയതി :28.01.2020
ഇ-മെയിൽ: lfadtvm@yahoo.in

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

**കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്**

സർ,

വിഷയം : കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

**വിശ്വസ്തതയോടെ,**

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ**

**<u>പകർപ്പ് :</u>**

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.8/02/2020 തീയതി: 28.01.2020

## തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.10.2018 മുതൽ 17.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 59 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 46 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. പി. ഉണ്ണികൃഷ്ണൻ., ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.12.2019 മുതൽ 18.12.2019 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. മനേഷ്.ബി.എച്ച്. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി വാലന്റീന.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ലേഖ.എം.എൽ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ശരത്.ജെ.ശങ്കർ | ഓഡിറ്റർ |
| ശ്രീ. സ്വാലിഹ്.സി.പി. | ഓഡിറ്റർ |

### നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി കെ. വിലാസിനി | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി ബിജി ജോസഫ് | 01.04.2018 മുതൽ 19.07.2018 വരെ |
| | ശ്രീമതി എ.ആർ.അരുണപ്രഭ | 20.07.2018 മുതൽ 31.03.2019 വരെ |

<u>**നിർവ്വഹണോദ്യോഗസ്ഥർ**</u>

| **നിർവഹണോദ്യോഗസ്ഥർ** | **പേര്** | **കാലയളവ്** |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജി.ചന്ദ്രഹാസൻ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി രശ്മി.ആർ.എസ്. | 01.04.2018 മുതൽ 20.06.2018 വരെ |
| | ശ്രീ. അരുൺ.ആർ.എസ്. | 21.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. രാമകൃഷ്ണ ബാബു | 01.04.2018 മുതൽ 23.03.2019 വരെ |
| | ഡോ. ധന്യാദേവ് | 24.03.2019മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. പി.എൻ.അജിത്ത് കുമാർ | 01.04.2018 മുതൽ 28.05.2018 വരെ |
| | ഡോ. ബൈജു. കെ.വി. | 29.05.2018 മുതൽ 23.06.2018 വരെ |
| | ഡോ. പ്രീത.ബി.എസ്. | 24.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. വിനീത.ആർ. പുഷ്കരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ലേഖ ജോർജ് | 01.04.2018 മുതൽ 06.12.2018 വരെ |
| | ഡോ. സോഫിയ.എ.ഷാനൻ | 07.12.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, സർക്കിൾ – 1 | ശ്രീമതി സിനി.എസ്.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, സർക്കിൾ- 2 | ശ്രീമതി സുജ.ബി. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സബിത.ആർ. | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 09.12.2018വരെ |
| | ശ്രീമതി ലക്ഷ്മി മുരുകൻ | 10.12.2018 മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | സജിത.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം | ശ്രീ. ശ്രീകുമാർ.ജി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി സുസ്മിത.കെ.എസ്. | 01.04.2018 മുതൽ 15.09.2018 വരെ |
| | ശ്രീ. പ്രഭുലാൽ | 16.09.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം- 1**<br>**ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | **കെട്ടിട നിർമ്മാണ പെർമിറ്റ്** നൽകലും വസ്തുനികുതി നിർണയവും - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-12 |
| 13 | കെട്ടിട നിർമ്മാണ പെർമിറ്റ് - ഫയലുകൾ ഹാജരാക്കിയില്ല | 1-13 |
| 14 | കെട്ടിട നിർമ്മാണ പെർമിറ്റ് -ക്രമവത്കരണ ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-14 |
| 15 | സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ- ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണയം നടത്തുന്നു | 1-15 |

| | | |
|---|---|---|
| 16 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത | 1-16 |
| 17 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല | 1-17 |
| 18 | ലേല കുടിശ്ശിക അടവാക്കിയില്ല | 1-18 |
| 19 | ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-19 |
| 20 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 1-20 |
| 21 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-21 |
| 22 | റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-22 |
| 23 | ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് | 1-23 |
| 24 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-24 |
| 25 | മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്തില്ല | 1-25 |
| 26 | തൊഴിൽരഹിത വേതന വിതരണം - കൃത്യമായ വിതരണ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-26 |
| 27 | വിവാഹ ധനസഹായം - രേഖകളുടെ അഭാവത്തിൽ 240000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 28 | പദ്ധതി ആസൂത്രണം, നിർവഹണം, മോണിട്ടറിംഗ് - അപാകങ്ങൾ | 1-28 |
| 29 | വെള്ളക്കരമിനത്തിൽ 1,36,59,691 രൂപയുടെ കുടിശ്ശിക | 1-29 |
| 30 | തെരുവുവിളക്ക് പരിപാലനം - അപാകങ്ങൾ | 1-30 |
| 31 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 1-31 |
| 32 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - അപാകങ്ങൾ | 1-32 |
| 33 | പൂന്തോട്ടം ശുദ്ധജല പദ്ധതി - എസ്റ്റിമേറ്റും വാല്യുവേഷനുമില്ലാതെ പദ്ധതി നടപ്പാക്കി | 1-33 |
| 34 | ഖരമാലിന്യ നിർമാർജനം - നിർവ്വഹണത്തിൽ അപാകങ്ങൾ | 1-34 |
| 35 | ഗ്രന്ഥശാലകളിലേക്ക് പുസ്തകം വാങ്ങൽ - വിതരണം സംബന്ധിച്ച് അവ്യക്തത | 1-35 |
| 36 | തെരുവ് നായ നിയന്ത്രണം - മോണിറ്ററിംഗ് നടത്തിയില്ല | 1-36 |
| 37 | മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് രൂപീകരണത്തിന് ആധാരമാക്കേണ്ട രേഖകൾ നിലവിലില്ല | 1-37 |
| 38 | സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു | 1-38 |
| 39 | പഞ്ചായത്തിന്റെ ആസ്തിയാണെന്ന് ഉറപ്പാക്കാതെ ഷെഡ് നിർമ്മാണം | 1-39 |
| 40 | ഓഡിറ്റ് ഇംപാക്ട് - കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി | 1-40 |
| 41 | ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും ഇതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-41 |

| | | |
|---|---|---|
| 42 | അംഗനവാടി പോഷകാഹാരം - സ്റ്റോക്ക് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-42 |
| 43 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ - പ്രൊക്വയർമെന്റ് മാർഗരേഖയിലെ വ്യവസ്ഥ പാലിച്ചില്ല | 1-43 |
| 44 | ആയുർവേദ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- കംപ്യൂട്ടർ ലഭിച്ചിട്ടില്ല | 1-44 |
| 45 | പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല | 1-45 |
| 46 | പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ | 1-46 |
| 47 | സുരക്ഷ – പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-47 |
| 48 | മഴക്കാല പൂർവ ശുചീകരണം- നിയമാനുസൃത രേഖകൾ ഹാജരാക്കിയില്ല | 1-48 |
| 49 | എസ്. എസ്. എ. വിഹിതം - നല്കിയ തുകയേക്കാൾ അധിക തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം | 1-49 |
| 50 | സാക്ഷരത - രേഖകൾ ഹാജരാക്കിയില്ല | 1-50 |
| 51 | കായിക വികസനം -നടപടിക്രമങ്ങളിലെ അപാകങ്ങൾ | 1-51 |
| 52 | പ്രഭാത ഭക്ഷണം നൽകൽ -പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് ഉപകരണങ്ങൾ വാങ്ങി | 1-52 |
| | **ഭാഗം-2**<br><br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | **ഇല്ല** | |
| | **ഭാഗം-3**<br><br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം-4**<br><br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 53 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 54 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 55 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 56 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 57 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 58 | സ്ഥിര നിക്ഷേപം | 4-6 |
| 59 | ഓഡിറ്റ് റിക്കവറി | 4-7 |
| 60 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 61 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 62 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 63 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 15.03.2018ലെ 1/1- ാം നമ്പർ തീരുമാനപ്രകാരം അഗീകരിച്ചു. പുതുക്കിയ ബജറ്റ് 28.01.2019ലെ തീരുമാനം നമ്പർ 4/1 പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4680070 |
| വരവ് | 77401091 |
| ആകെ | 82081161 |
| ചെലവ് | 74404572 |
| നീക്കിയിരിപ്പ് | 7676589 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 16035010 | 16035010 | 16035010 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 4265400 | 4265400 | 4265400 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 17298971 | 17298971 | 17298971 | 0 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 2671018 | 2671018 | 2671018 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 3267069 | 3267069 | 3267069 | 0 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് | | | | | |
| ട്രഷറി ഓൺ ഫണ്ട്<br>VPFA I,II (പോസ്റ്റോഫീസ്) | 2516 | 101 | 2617 | 0 | 2617 |
| എസ്.ബി.ഐ വസ്തു നികുതി<br>37362746179 | 24562 | 28714 | 53276 | 0 | 53276 |
| ട്രഷറി റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 634853 | 13159169 | 13794022 | 11017813 | 2776209 |
| സിന്റിക്കേറ്റ് ബാങ്ക് സാക്ഷരത | 28023 | 45054 | 73077 | 0 | 73077 |
| എം.എൻ.ആർ.ഇ.ജി.എസ്<br>സിന്റിക്കേറ്റ് ബാങ്ക് | 28993 | 576002 | 604995 | 546630 | 58365 |
| അക്കൗണ്ട് ഫോർ എഫ്.ഡി ഇന്ററസ്റ്റ് (INA) | 236 | 13128 | 13364 | 12808 | 556 |
| ബി ഫണ്ട് | 0 | 983730 | 983730 | 983730 | 0 |
| തനത് ഫണ്ട് SBT | 3877773 | 8262422 | 12140195 | 12125736 | 14459 |
| തനത് ഫണ്ട് സിൻഡിക്കേറ്റ് ബാങ്ക് | 0 | 10683729 | 10683729 | 6097273 | 4586456 |
| ക്യാഷ് (തനത് ഫണ്ട്) | 83114 | 111574 | 184688 | 83114 | 111574 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 209 | 111830815 | 120 | 55787728 | 17 | 72 | 57 |

ജി.ഒ.(എം.എസ്) നമ്പർ 72/2017/ തസ്വഭവ തീയതി 29-3-2017 പദ്ധതി മാർഗരേഖ ഖണ്ഡിക 6.8(2)ൽ സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ അതേ വർഷംതന്നെ നിർബന്ധമായും പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ തൻ വർഷം നടപ്പാക്കാത്ത നിരവധി സ്പിൽ ഓവർ പ്രോജക്ടുകളുണ്ട്.

വിവിധ ഫണ്ടുകളുടെ വകയിരുത്തലും വിനിയോഗവും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 24480969 | 16420624 | 67 |
| വികസനഫണ്ട്-SCP | 15620000 | 4265400 | 27 |
| വികസനഫണ്ട്- TSP | 76000 | 0 | 0 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 12911508 | 3267069 | 25 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 600000 | 600000 | 100 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1645244 | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1861175 | 844175 | 45 |
| ജില്ല പഞ്ചായത്ത് വിഹിതം | 1812544 | 862123 | 48 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 33501000 | 17298971 | 52 |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 4713000 | 2671018 | 57 |
| മറ്റുള്ളവ | 13841527 | 8892565 | 64 |
| **ആകെ** | **111830815** | **55787728** | **50** |

മേഖല തിരിച്ചുള്ള വികസനഫണ്ട് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വികസനഫണ്ട് | | ഉല്പാദനം | സേവനം | പശ്ചാത്തലം |
|---|---|---|---|---|
| പൊതു വിഭാഗം | വകയിരുത്തൽ | 4327840 | 18593671 | 1361458 |
| | ചെലവ് | 3147755 | 12871355 | 401514 |
| | ശതമാനം | 73 | 69 | 29 |
| എസ്.സി.പി. | വകയിരുത്തൽ | 742000 | 13980000 | 898000 |
| | ചെലവ് | 411000 | 3854400 | 0 |
| | ശതമാനം | 55 | 28 | 0 |
| റ്റി.എസ്.പി. | വകയിരുത്തൽ | 0 | 76000 | 0 |
| | ചെലവ് | 0 | 0 | 0 |
| | ശതമാനം | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | വകയിരുത്തൽ | 0 | 4541628 | 8369880 |
| | ചെലവ് | 0 | 1345893 | 1921176 |
| | ശതമാനം | 0 | 30 | 23 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 28993 | 576002 | 604995 | 546630 | 58365 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 41578671 | 41578671 | 41578671 | 0 |
| ആകെ | 28993 | 42154673 | 42183666 | 42125301 | 58365 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 738480 | 397 |
| കർഷകതൊഴിലാളി പെൻഷൻ | 1331600 | 93 |
| വിധവാ പെൻഷൻ | 13870400 | 1169 |
| വാർദ്ധക്യകാലപെൻഷൻ | 33188500 | 2687 |
| വികലാംഗ പെൻഷൻ | 4208100 | 357 |
| വിവാഹധനസഹായം | 240000 | 8 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 719000 | 55 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.12.2019, 10.15 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15015 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

**1) രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ വിമുഖത**

1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധനവും ചട്ടങ്ങളിലെ 12-ാം ചട്ടം പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന രേഖകളും രജിസ്റ്ററുകളും കണക്കുകളും സെക്രട്ടറി നൽകേണ്ടതാണെന്നും ആയതിൽ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ലായെന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിലെത്താവുന്നതുമാണ്. കൂടാതെ, ഓഫീസ് ഉത്തരവുകളുടെയും പഞ്ചായത്ത് തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഏല്പിച്ചിട്ടുള്ള കൃത്യങ്ങളിൽ വീഴ്ച വരുത്തിയതുമൂലമുള്ള നഷ്ടങ്ങൾക്കും പാഴ്ചെലവിനും ദുർവിനിയോഗങ്ങൾക്കുമുള്ള ഉത്തരവാദി ജോലി വിഭജനം അനുസരിച്ചുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിരിക്കുന്നതും ഇക്കാര്യങ്ങളിൽ അയാളുടെ മേലുദ്യോഗസ്ഥനും സെക്രട്ടറിക്കും മേൽനോട്ട പിശകിനും ഉത്തരവാദിത്തമുണ്ടായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടങ്ങൾ

ഇപ്രകാരമായിരിക്കെ, ഓഡിറ്റിന് രജിസ്റ്ററുകളും രേഖകളും ഹാജരാക്കുന്നതിൽ പഞ്ചായത്ത് ജീവനക്കാരുടെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്.

ആവർത്തിച്ച് ആവശ്യപ്പെട്ടതിനുശേഷവും ഓഡിറ്റ് റിക്വിസിഷൻ, ഓഡിറ്റ് എൻക്വയറി മുതലായവ നൽകിയതിനുശേഷവും മാത്രമാണ് ഭാഗികമായെങ്കിലും രേഖകൾ ലഭ്യമാക്കിയത്. ഓഡിറ്റ് റിക്വിസിഷൻ 1 പ്രകാരം ആവശ്യപ്പെട്ട വസ്തു നികുതി പെർമിറ്റുമായി ബന്ധപ്പെട്ട ഫയലുകൾ, ഓഡിറ്റ് റിക്വിസിഷൻ 2 പ്രകാരം ആവശ്യപ്പെട്ട ഡെയിഡേഴ്സ് ലിസ്റ്റ്, വിവാഹ ധനസഹായവുമായി ബന്ധപ്പെട്ട ഫയൽ, തൊഴിൽ രഹിത വേതന വിതരണ രജിസ്റ്റർ, വാർഡ് 2, 5, 8, 9, 10, 13, 14, 16 എന്നിവയുടെ ഗ്രാമസഭ മിനിട്സ് എന്നിവയൊന്നും തന്നെ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

**2) വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ സജീവ ഇടപെടൽ നടക്കുന്നില്ല**

ജി.ഒ.(പി) നം. 259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010പ്രകാരം, വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണെന്നുമുണ്ട്. എന്നാൽ, പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധനയിൽ, വാങ്ങൽ നടപടിക്രമങ്ങളിൽ ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി സജീവമായി ഇടപെടൽ നടത്തുന്നില്ലായെന്ന് വ്യക്തമാണ്.

പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പേജ് നമ്പർ 98, 101 - 103, 106-107, 109-113, 115-116 എന്നിവ യാതൊരു രേഖപ്പെടുത്തലും ഇല്ലാതെ ഒഴിച്ചിട്ടിരിക്കുന്നു. പേജ് നമ്പർ 108, 114 എന്നിവയിൽ പങ്കെടുത്തവരുടെ പേരും ഒപ്പും മാത്രമാണുള്ളത്. 21.07.2018 ലെ യോഗം 2018-19 വർഷത്തെ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികളുടെ ടെന്റർ വിളിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചതല്ലാതെ വാങ്ങലുകൾ അംഗീകരിച്ചതിന്റെയോ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ സാധനങ്ങൾ സമാഹരിച്ചതിൽ ഇടപെട്ടതിന്റെയോ വിവരങ്ങൾ ഇല്ല.

**3)ബജറ്റ് രൂപീകരണം-അപാകങ്ങൾ**

**എ)നടപടിക്രമം പാലിച്ചിട്ടില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് | 2017ഡിസംബർ | ഫയൽ |

| | | | |
|---|---|---|---|
| | പ്രപ്പോസൽ ആവശ്യപ്പെടൽ | 15-ന് മുൻപ് | പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2018ജനവരി 15-ന് മുൻപ് | ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2018ജനവരി 25-ന് മുൻപ് | 07.03.2018 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2018ഫെബ്രുവരി 1-ന് മുൻപ് | 09.03.2018. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2018ഫെബ്രുവരി 28-ന് മുൻപ് | 15.03.18 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2018മാർച്ച് 1-ന് മുൻപ് | 09.03.18 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2018മാർച്ച് 7-ന് മുൻപ് | 15.03.18 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2018മാർച്ച് 31-ന് മുൻപ് | 15.03.18 |

**ബി)ബജറ്റിൽ ഉൾപ്പെടാത്ത ചെലവുകൾ നടത്തി**

2018-19 ബജറ്റിൽ (പുതുക്കിയ)ഉൾപ്പെടാത്ത ഇനങ്ങൾക്ക് ചെലവുകൾ നടത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട്. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501004 | Agriculture and related sectors- Animal husbandry | - | 222500 |
| 2 | 2502005 | Agriculture and related sectors- Dairy development | - | 985000 |
| 3 | 2501035 | Animal husbandry-poultry | - | 14000 |
| 4 | 251046 | Dairy development-storage and marketing | - | 40000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.53/18.12.19-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് ബജറ്റ് തയ്യാറാക്കിയത്. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2019 മുതൽ 25.11.2019 വരെ | 09/2019മുതൽ 10/2019 വരെ | 25.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2016 മുതൽ 11.01.2016 വരെ | 2010-11 മുതൽ 2014-15 വരെ | 14.03.2016 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം /ജി.പി. 8/864/19 തീയതി 25.06.2019 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

നിക്ഷേപ പ്രവൃത്തിക്കായി കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം വ്യത്യാസമുണ്ട്.

| | | |
|---|---|---|
| 2017-18 B-18 ഷെഡ്യൂൾ പ്രകാരം | - | 1345625 |
| സുലേഖ ചെലവ് പത്രിക പ്രകാരം 2018-19 വർഷത്തെ നിക്ഷേപം | - | 2121543 |
| **ആകെ** | | **3467168** |
| 2018-19 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | - | 3266801 |

# 1-12 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണ്ണയവും - സർക്കാർ

# നിർദ്ദേശം പാലിക്കുന്നില്ല

**എ)വ്യത്യസ്ത ഫയലുകൾ സൂക്ഷിക്കുന്നു**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണയം നടത്തിയിട്ടുള്ളതും വ്യത്യസ്ത ഫയലുകളായാണ്.

**ബി)നികുതി നിർണയത്തിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല**

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയ റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം ഫാറം നമ്പർ 2-ൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദവിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫയലിൽ മേൽ ഫാറങ്ങൾ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 51/18.12.2019 ന് മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-13 കെട്ടിട നിർമ്മാണ പെർമിറ്റ് - ഫയലുകൾ ഹാജരാക്കിയില്ല

2018-19 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം ഓഡിറ്റിനായി

ഹാജരാക്കാൻ നിർദ്ദേശിച്ച 25 ഫയലുകളിൽ താഴെപ്പറയുന്ന ഫയലുകൾ ഹാജരാക്കിയില്ല.

| ക്രമ നം. | ഇൻവേഡ് നമ്പർ | പെർമിറ്റ് തീയതി |
|---|---|---|
| 1 | 397 | 10.04.18 |
| 2 | 967 | 20.04.18 |
| 3 | 1116 | 02.07.18 |
| 4 | 1183 | 02.05.18 |

| | | |
|---|---|---|
| 5 | 2186 | 02.01.19 |
| 6 | 2383 | 24.05.18 |
| 7 | 2380 | 31.08.18 |
| 8 | 7157 | 05.02.19 |

ഇതു സംബന്ധിച്ച് ഓഡിറ്റ് റിക്വിസിഷൻ (നമ്പർ 01/10.12.19)നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കിയില്ല. മേൽ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-14 കെട്ടിട നിർമ്മാണ പെർമിറ്റ് -ക്രമവത്കരണ ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 135 പ്രകാരം ക്രമവല്ക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ ഒരു പുതിയ അപേക്ഷയുടെ കാര്യത്തിലെന്നപോലെ ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ അപേക്ഷയോടൊപ്പം പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് ഫീസ് കൂടാതെയുള്ള ക്രമവല്ക്കരണത്തിന് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.51/18.12.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11.11.2015-ലെ 229813/ആർ.ഡി.2/15/ത.സ്വ.ഭ.വ നമ്പർ കത്തിൽ മേൽ വിഷയം സംബന്ധിച്ച് സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതിനാൽ അപേക്ഷയോടൊപ്പം പെർമിറ്റ് ഫീസും , പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്.

# 1-15 സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ- ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണയം നടത്തുന്നു

2011-ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ

സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശനം നടത്തി വസ്തു നികുതി കണക്കാക്കിയ ജീവനക്കാർ തയ്യാറാക്കിയ ഫാറം 6 പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 51/18.12.2019 ന് മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-16 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി ഇളവിന് അർഹരായവരുടെ വിവരങ്ങൾ ഉൾപ്പെടുന്ന രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.51/18.12.2019 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത്

നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-17 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള താഴെപ്പറയുന്ന മൊബൈൽ ടവറിൽ നിന്നും 2018-19 വർഷം വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | ടവറിന്റെ വിവരം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വിസ്തീർണം | തുക |
|---|---|---|---|---|
| 1 | മാനേജർ , ഡിഷ്നെറ്റ് വയർലെസ് | V/190 | 10 $m^2$ | 6360 |
| 2 | മാനേജർ ,ഡിഷ്നെറ്റ് വയർലെസ് | V/191 | 10 $m^2$ | 6360 |
| 3 | ഡെപ്യൂട്ടി മാനേജർ, ഇൻഡസ് ടവേഴ്സ് | X/393.B | 10 $m^2$ | 3710 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 09/09.12.19) ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് . ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതും ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ് .

# 1-18 ലേല കുടിശ്ശിക അടവാക്കിയില്ല

വിളയിൽമൂല മാർക്കറ്റിലെ ഗേറ്റ് ഫീ പിരിവിനുള്ള അവകാശം ശ്രീ. മുഹമ്മദ് റാസി എന്നയാൾക്ക് 8.3.2018 ൽ നടന്ന ലേലത്തിൽ 34000 രൂപക്ക് 31.03.2018 ൽ കൂടിയ ജനറൽ കമ്മിറ്റിയുടെ 1(1) തീരുമാനപ്രകാരം സ്ഥിരപ്പെടുത്തി നൽകിയിരുന്നുവെങ്കിലും പ്രസ്തുത വ്യക്തി 17000 രൂപ മാത്രമാണ് അടവാക്കിയിരിക്കുന്നത്. ബാക്കി തുകയായ 17000 രൂപ അടവാക്കാത്തത് സംബന്ധിച്ച് ലഭ്യമാക്കിയ വിശദീകരണത്തിൽ (ഓഡിറ്റ് എൻക്വയറി നമ്പർ 20/ 11.12.2019 )പ്രസ്തുത വ്യക്തിയോട് നേരിട്ടും നോട്ടീസ് മുഖേനയും അറിയിപ്പ് നൽകിയെങ്കിലും നാളിതു വരെ കുടിശ്ശിക തുക ഒടുക്ക് വരുത്താതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 ലൈസൻസ് നൽകൽ - അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട് .

1)1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 12(3) പ്രകാരം മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത കേസുകളിൽ 30 ദിവസത്തിനകവും ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ /വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകവും ലൈസൻസ് നൽകണം. എന്നാൽ ലൈസൻസിനായി നൽകിയ 60 അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് മേൽ കാലാവധി കഴിഞ്ഞാണ് ലൈസൻസ് നൽകിയത് / കാലാവധി കഴിഞ്ഞിട്ടും നടപടി സ്വീകരിച്ചിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | പേര് | വ്യാപാരസ്ഥാപനം | അപേക്ഷ ലഭിച്ച തീയതി | ലൈസൻസ് അനുവദിച്ച തീയതി |
|---|---|---|---|---|---|
| 1 | 3/39A | പ്രവീൺ | അലൂമിനിയം ഫാബ്രിക്കേഷൻ | 18.11.2017 | 11.4.18 |
| 2 | 1/475 | റെജുല ബീഗം | സ്റ്റീൽ & ബിൽഡിംഗ് മെറ്റീരിയൽസ് | 4.4.18 | 14.11.18 |
| 3 | 14/406 | ദിലീപ് കുമാർ | വെൽഡിങ് വർക്ക് ഷോപ് | 5.10.18 | 4.2.19 |
| 4 | 10/75B | അഷ്റഫ് | വിവരം ലഭ്യമല്ല | 7.10.18 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 5 | 14/240A | ഹസിം | വിവരം ലഭ്യമല്ല | 14.11.18 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 6 | 10/520 | സജി റഹ്മാൻ | വിവരം ലഭ്യമല്ല | 21.11.18 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 7 | 4/214 | ഇന്ദിര | പലചരക്ക് | 21.11.18 | 30.1.19 |

| | | | | | |
|---|---|---|---|---|---|
| | | | വ്യാപാരം | | |
| 8 | 12/557A | റീന ഷാനവാസ് | തയ്യൽക്കട | 22.11.18 | 7.2.19 |
| 9 | 3/368D | അഖില | പൗൾട്ടി ഫാം | 6.12.18 | 5.2.19 |
| 10 | 12/368 | സുരേഷ് ബാബു | സ്റ്റേഷനറി | 23.7.18 | 10.12.18 |
| 11 | 2/297D | സുജാത | ടി ഷോപ് | 10.12.18 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 12 | 2/297D | ബാബു | പച്ചക്കറി വ്യാപാരം | 10.12.18 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 13 | 6/57,58 | സഹദേവൻ | സ്റ്റേഷനറി | 27.6.18 | 12.12.18 |
| 14 | 13/208B | സച്ചിൻ | വിവരം ലഭ്യമല്ല | 15.12.18 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 15 | 15/142 | സനീഷ് | വിവരം ലഭ്യമല്ല | 17..12.18 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 16 | 10/286A | അനീഷ് | ബേക്കറി | 23.5.18 | 21.12.18 |
| 17 | 14/536B | നജീബ് | ടെക്സ്റ്റൈൽസ് | 27.7.18 | 1.1.19 |
| 18 | 10/351B | സുദേവൻ | വിവരം ലഭ്യമല്ല | 3.5.18 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 19 | 7/428 | സുഭാഷ് | ബുക്ക് സ്റ്റാൾ | 11.9.18 | 17.1.19 |
| 20 | 15/148C | സീന | ഫർണിച്ചർ വ്യാപാരം | 5.1.19 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 21 | 15/201,201A | ഷഹനാസ് | ഫാസ്റ്റ് ഫുഡ് | 14.1.19 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 22 | 10/151 | കാർത്തിക | ബ്യൂട്ടി പാർലർ | 16.1.19 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 23 | 14/131A | ആരോമൽ | വിവരം ലഭ്യമല്ല | 18.1.19 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 24 | 3/9C | പ്രവീൺ കുമാർ | വിവരം ലഭ്യമല്ല | 24.1.19 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 25 | 15 | സജീവ് കുമാർ | ബാർബർ ഷോപ് | 28.1.19 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |

| | | | | | |
|---|---|---|---|---|---|
| 26 | 1/455 | ആസിയ നൗഷാദ് | ബ്യൂട്ടി പാർലർ | 2.2.19 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 27 | 10/381 | മനോജ് | വെൽഡിങ് വർക്ക് | 19.2.19 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |
| 28 | 10/447B | സുരേഷ് കുമാർ | വിവരം ലഭ്യമല്ല | 21.11.18 | നാളിതുവരെ നടപടി സ്വീകരിച്ചില്ല |

2)പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിയമ വിധേയമായിട്ടാണോ പ്രവർത്തിക്കുന്നത് എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. കൂടാതെ ലൈസെൻസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരവുകൾ പൂർണമായും ലഭിച്ചോ എന്നതും വിലയിരുത്താൻ സാധിച്ചിട്ടില്ല

3)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ( എൻക്വയറി 42/16.12.2019 ) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ നിയമ വിധേയമല്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിച്ച കൊണ്ട് പഞ്ചായത്തിന് ലഭിക്കേണ്ട വരവുകൾ പൂർണമായും ലഭിക്കുന്നുവെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

# 1-20 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി

# ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2018-19 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കോൺട്രാക്ടേഴ്സ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയും വിധം 10 കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പേര് |
|---|---|
| 1 | അനിൽകുമാർ |
| 2 | ബിനീഷ്ചന്ദ്രൻ |
| 3 | ബിജുലാൽ എസ് |
| 4 | ജി വിജയൻ |
| 5 | ഹരിദാസ് ഡി |
| 6 | സുരേഷ് എം |
| 7 | ബാജി എം |
| 8 | റൂബി എച്ച് |
| 9 | ആർ സുരേഷ്കുമാർ |
| 10 | ബുഹാരി എസ് |

ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-21 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| ജാനകി | തുഷാര | 2 | 48000 | 450 | 300 | 150 |

| | | | | | | |
|---|---|---|---|---|---|---|
| നഴ്സിംഗ് ഹോം | | | | | | |
| SBI കടയ്ക്കാവൂർ | പ്രകാശ് ആർ | 2 | 134188 | 1250 | 1000 | 250 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 33/13.12.2019) മറുപടി ലഭ്യമാക്കിയില്ല. കുറവുള്ള തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2018-19 വർഷത്തേയ്ക്ക് തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 11/09.12.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 15 റേഷൻകടകൾ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-23 ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം 35 പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 64256/- രൂപ തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

# 1-24 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ

## ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്തിരാജ് നിയമം വകുപ്പ് 266, 1999ലെ കേരള പഞ്ചായത്തിരാജ്(ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ,ചട്ടം3(1) എന്നിവ പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ, പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/09.12.19ന് ലഭിച്ച മറുപടിയിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നതിലേക്ക് വാർഡ് ചുമതലയുള്ളവർക്ക് അവരുടെ ചുമതലയിലുള്ള വാർഡുകളിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് നൽകുന്നതിന് ഓഫീസ് ഉത്തരവ് നൽകി നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട് .പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്തില്ല

അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റിയ വകയിൽ ശ്രീ. ബാബു എന്നയാൾക്ക് യഥാക്രമം 10000/-, 10000/-, 9000/-രൂപ,16000/- രൂപ, 2500/- രൂപ (ചെക്ക് നമ്പർ 472337തീയതി 2.6.18, 472352 തീയതി 7.6.18, 472362തീയതി 22.6.18, 392444 തീയതി 30.08.18, 392605 തീയതി 08.10.18) ആകെ 47500രൂപ നല്കി. സർക്കുലർ നമ്പർ 248/ ആർ.സി 3/2016 ത.സ്വ.ഭ.വ /14.7.17 പ്രകാരം നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച രേഖകൾ, മേൽ സർക്കുലർ പ്രകാരം പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ട്രീ കമ്മിറ്റി/ പ്രാദേശിക കമ്മിറ്റി യോഗം ചേർന്ന് തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ മിനിറ്റ്സിന്റെ പകർപ്പ്, കൂടാതെ മുറിച്ചു മാറ്റിയ മരങ്ങളുടെ വാല്യുവേഷൻ വനം വകുപ്പ് അധികൃതർ തിട്ടപ്പെടുത്തി, ലേലം നടത്തിയതിന്റെ രേഖകൾ എന്നിവ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 49/18.12.19, 58/18.12.19) ലഭ്യമാക്കിയ മറുപടിയിൽ വാർഡ് മെമ്പർമാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുറിച്ചു മാറ്റി തുക നല്കിയെന്നും മരങ്ങളുടെ വാല്യുവേഷൻ ആവശ്യപ്പെട്ട് ഫോറസ്റ്റ് അധികൃതർക്ക് കത്തയച്ചെങ്കിലും ഇതുവരെ വാല്യുവേഷൻ റിപ്പോർട്ട് ലഭിച്ചിട്ടില്ല എന്നും വിശദീകരിച്ചിട്ടുണ്ട്. മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്ത് തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-26 തൊഴിൽരഹിത വേതന വിതരണം - കൃത്യമായ വിതരണ വിവരങ്ങൾ

## സൂക്ഷിച്ചിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ ബിൽ നമ്പർ 18/19.7.2018 , 60/8.3.2019 എന്നീ ബില്ലുകൾ പ്രകാരം യഥാക്രമം 480000രൂപയും 389040 രൂപയും തൊഴിൽരഹിതവേതനമിനത്തിൽ പിൻവലിച്ചിട്ടുണ്ട്. തൊഴിൽ രഹിത വേതനം ACR പ്രകാരം ജൂലൈ, മാർച്ച് മാസങ്ങളിലായി യഥാക്രമം 376800രൂപയും, 361680രൂപയും ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി വന്ന തുക തിരിച്ചടച്ചതിന്റെ ചെല്ലാനം ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ രഹിത വേതനം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ക്രമരഹിതമായി സൂക്ഷിച്ചിരിക്കുന്ന കൈപ്പറ്റ് രസീതുകൾ മാത്രമാണ് ലഭ്യമാക്കിയത്. ഇതു സംബന്ധിച്ച ലഭ്യമാക്കിയ വിശദീകരണത്തിൽ (ഓഡിറ്റ് എൻക്വയറി നമ്പർ 41/16.12.2019) വേതനം കൈപ്പറ്റിയവരുടെ വിവരം ഫോട്ടോ പതിച്ച രജിസ്റ്ററിൽ ഓരോ പേജിലും വാങ്ങിയ തീയതി സഹിതം ഒപ്പിട്ടു രേഖപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും രജിസ്റ്ററിലെ പേജ് നമ്പർ ക്രമപ്രകാരം കൈപ്പറ്റ് രസീത് അടുക്കിയത് കൊണ്ടാണ് രസീതുകൾ ക്രമരഹിതമായെതെന്നും അറിയിച്ചിട്ടുണ്ട്. വിതരണം ചെയ്ത തുകയുടെ കൃത്യത പരിശോധിക്കാൻ കഴിയാത്തതിനാൽ ആകെ വിതരണം ചെയ്ത 738480 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 വിവാഹ ധനസഹായം - രേഖകളുടെ അഭാവത്തിൽ 240000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വിധവകളായ സ്ത്രീകളുടെ പെൺമക്കളുടെ വിവാഹധനസഹായം നൽകുന്നതിനായി ബിൽ നമ്പർ 39/ 30.11.2018 പ്രകാരം 240000 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ ചെലവുമായി ബന്ധപ്പെട്ട യാതൊരു രേഖയും പരിശോധനക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/12.12.2019) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുകയായ 240000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 പദ്ധതി ആസൂത്രണം, നിർവ്വഹണം,മോണിട്ടറിംഗ് - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 064/19 |
| പ്രോജക്ടിന്റെ പേര് | പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് ചെലവുകൾ |
| നിർവ്വഹണം | സെക്രട്ടറി |
| വകയിരുത്തൽ | 300000/- രൂപ (വികസനഫണ്ട്) |
| ചെലവ് | 275687/- രൂപ |

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
1) ചുവടെ പറയുന്ന ട്രഷറി ബില്ലുകളുടെ പകർപ്പുകൾ, ആയതിനെ സാധൂകരിക്കുന്ന ചെലവ് രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 52/18-12-2019)

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 45/17-12-2018 | 6120 |
| 46/23-12-2018 | 76754 |
| 51/30-01-2019 | 8000 |
| **ആകെ** | 90874/- രൂപ |

രേഖകളുടെ അഭാവത്തിൽ 90874/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
2) എ3/1010/18 തീയതി 11.05.2018 നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം 9000/- അപേക്ഷാഫാം, 9000 മാനദണ്ഡങ്ങൾ, 8000 ഗ്രാമസഭാ നോട്ടീസ് എന്നിവയ്ക്കാണ് ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത്. 23.05.2018-ലെ 1/1(2) ലെ അടിയന്തിര യോഗത്തിലെ തീരുമാന പ്രകാരം ഫോർച്ച്യൂൺ കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ അനുവദിച്ച് നൽകി.

ബിൽ നമ്പർ 63/18.03.2019 പ്രകാരം 51227/- മാറിയ തുകയിൽ നിന്നും 41760/- രൂപ ഗുണഭോക്തൃ ഫോം, ഗ്രാമസഭാ നോട്ടീസ് എന്നിവ വിതരണം ചെയ്ത ഇനത്തിൽ ഫോർച്ച്യൂൺ കമ്പ്യൂട്ടേഴ്സിന് നൽകിയിട്ടുണ്ട്. 9000 ഗുണഭോക്തൃ ഫോമുകൾക്കാണ് ക്വട്ടേഷൻ നൽകിയതെങ്കിലും ക്വട്ടേഷൻ റേറ്റ് ഇനത്തിൽ ഉൾപ്പെടുത്താതിരുന്ന 75 GSM പേപ്പറിലുള്ള 16000 ഗുണഭോക്തൃ ഫോമുകൾ (Unmentioned quotation rate item Rs.1480 per 1000, എണ്ണം 16000) വിതരണം ചെയ്തതിന് ഫോർച്ച്യൂൺ കമ്പ്യൂട്ടേഴ്സിന് 23680/- രൂപ നൽകിയിട്ടുണ്ട്.

ക്വട്ടേഷൻ റേറ്റ് ഇനത്തിൽ ഉൾപ്പെടുത്താതിരുന്ന കളർ പ്രിന്റിലുള്ള 8000 ഗ്രാമസഭ നോട്ടീസ് വിതരണം ചെയ്തതിന് സ്ഥാപനത്തിന് 10080/- രൂപ നൽകിയിട്ടുണ്ട്. (Unmentioned quotation rate item എന്ന് സ്ഥാപനം ലഭ്യമാക്കിയ ബില്ലിലും രേഖപ്പെടുത്തിയിട്ടുണ്ട്). കളർ പ്രിന്റിലുള്ള 8000 ഗ്രാമസഭ നോട്ടീസ് വിതരണം ചെയ്തതിന് ഫോർച്ച്യൂൺ കമ്പ്യൂട്ടേഴ്സ് സമർപ്പിച്ച 09.02.2019-ലെ മറ്റൊരു ബിൽ പ്രകാരം 8000/- രൂപ സ്ഥാപനത്തിന് നൽകിയതിന് പുറമെയാണ് ഇത്. 8000 ഗ്രാമസഭാ നോട്ടീസുകൾ വിതരണം ചെയ്യുന്നതിനായാണ് ക്വട്ടേഷൻ നൽകിയതെങ്കിലും 16000 നോട്ടീസ് വിതരണം ചെയ്തതിന് തുക നൽകി.

3) ക്വട്ടേഷൻ അംഗീകരിച്ച ഫോർച്ച്യൂൺ കമ്പ്യൂട്ടേഴ്സ് എന്ന ഏജൻസിയുമായി ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടില്ല.
മേൽ അപാകങ്ങൾ ഓഡിറ്റ് എൻക്വയറിലൂടെ (എൻക്വയറി നമ്പർ 52/18.12.2019) ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് ക്ഷണിച്ച ക്വട്ടേഷൻ

റേറ്റ് ഇനത്തിൽ ഉൾപ്പെടാതിരുന്ന ഇനത്തിന് തുക നൽകുകയും ക്വട്ടേഷനിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ എണ്ണം നോട്ടീസുകൾ വാങ്ങുകയും ചെയ്തിരിക്കുന്നു. ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന ഇനം, എണ്ണം എന്നിവ അനുസരിച്ച് മാത്രം സാധനങ്ങൾ വാങ്ങി സ്റ്റോക്കിലെടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ പതിയേണ്ടതാണ്.

## 1-29 വെള്ളക്കരമിനത്തിൽ 1,36,59,691 രൂപയുടെ കുടിശ്ശിക

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആറ്റിങ്ങലിന്റെ 22-03-2019 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം, ഗ്രാമപഞ്ചായത്ത് പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 31-03-2019 വരെ 1,36,59,691/-രൂപ കുടിശ്ശികയായി (പിഴപ്പലിശയുൾപ്പെടെ) ഒടുക്കു വരുത്താനുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കുടിശ്ശിക | 1,32,68,134 |
| തൻമാസത്തെ ചാർജ്ജ് | 1,31,250 |
| പിഴ | 2,60,307 |
| ആകെ | 1,36,59,691 |

മുൻവർഷങ്ങളിൽ തിട്ടപ്പെടുത്തിയ വാട്ടർ ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായാണ് വാട്ടർ അതോറിട്ടിയിൽ നിന്നും ഡിമാന്റ് വരുന്നത്. പ്രവർത്തിക്കുന്ന 300ടാപ്പുകൾ ഗ്രാമപഞ്ചായത്തിലുള്ളതായി ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ കേടായ ടാപ്പുകൾ, ജലലഭ്യത ഇല്ലാത്തവ എന്നിവ ഉൾപ്പെടുന്നതിനാൽ ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായാണോ വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതെന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഓരോ മാസവും പിഴ പലിശയിനത്തിൽ മാത്രം രണ്ടര ലക്ഷത്തിലധികം രൂപയുടെ ഡിമാന്റ് വരുന്നുമുണ്ട് ( 3/2019 ലെ പിഴ പലിശ 2,60,307/- ).

*സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 22.12.2016-ലെ കെ.എസ്.എ.റ്റി.വി.എം.ജി.പി 8/2113/2016നമ്പർ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക3-4 'വെള്ളക്കരം-പിഴയും പിഴയിന്മേൽ പിഴ ഈടാക്കലും പുനഃപരിശോധന അനിവാര്യം' എന്ന തലക്കെട്ടിൽ പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്.* ആയതിൻ പ്രകാരം 40,39,904/-രൂപ 2015-16-ൽ (31.03.2016 വരെ) വെള്ളക്കരം ഇനത്തിൽ

ജല അതോറിറ്റിയിൽ അധികമായി നിൽക്കുന്ന എന്ന് കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്രമീകരിച്ച് കുടിശ്ശിക തുക ക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞ് എൻക്വയറി ( നമ്പർ 59/ 18-12-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 31.03.2016 വരെ ജല അതോറിറ്റിയിൽ വെള്ളക്കരം ഇനത്തിൽ അധികമായി നിൽക്കുന്ന 40,39,904/- രൂപ 1-4-16 മുതലുള്ള വെള്ളക്കരത്തിൽ ക്രമീകരിച്ച് തുടർന്നുള്ള വെള്ളക്കരവും അതനുസരിച്ച് കണക്കാക്കി അടവാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പഞ്ചായത്തിലെ സാമ്പത്തിക ചെലവുകളുടെ മേൽനോട്ട ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് സംബന്ധിച്ചുള്ള വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## മീറ്ററിംഗും സംയുക്തപരിശോധനയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.05.09 ലെ ഉത്തരവ് ജി.ഒ.(ആർ.ടി.) 1275/2009 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണെന്നും, ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിഷ്കർഷിച്ചിരുന്നു. എന്നാൽ പൊതുടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ നാളിതുവരെയായും നടപ്പാക്കിയിട്ടില്ല. ആയതിലേക്ക് വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

23.6.2006-ലെ ജി.ഒ(ആർ.ടി.) 1501/2006/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകളെ ഒഴിവാക്കുന്നതിനായി സംയുക്ത പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 2011 നു ശേഷം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും ഏറ്റവും അത്യാവശ്യമായതും പാവപ്പെട്ട ജനങ്ങൾ കൂടുതൽ താമസിക്കുന്നതുമായ സ്ഥലങ്ങളിലെ പൊതുടാപ്പുകൾ മാത്രം

നിലനിർത്തി ബാക്കിയുള്ള മുഴുവൻ ടാപ്പുകളും പൂട്ടുന്നതിനും സംയുക്തപരിശോധനയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതിനായി (28-01-2019ലെ 11/1 നമ്പർ തീരുമാനം) ഭരണസമിതി തീരുമാനിച്ചിരുന്നു. സംയുക്തപരിശോധനക്കായി വാട്ടർ അതോറിറ്റിക്ക് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയെങ്കിലും നാളിതുവരെയായും പരിശോധന നടന്നിട്ടില്ല. സംയുക്തപരിശോധന നടത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി നടത്തി കേടായ ടാപ്പുകൾ, ജല ലഭ്യത ഇല്ലാത്തവ എന്നിവ ഒഴിവാക്കി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തി തദനുസരണമായി മാത്രം വെള്ളക്കര കുടിശ്ശിക ഒടുക്കു വരുത്തി ഈ ഇനത്തിലെ അധിക ചെലവ് നിയന്ത്രിക്കേണ്ടതാണ്.

# 1-30 തെരുവുവിളക്ക് പരിപാലനം - അപാകങ്ങൾ

തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

1)സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 6.1 പ്രകാരം ആവശ്യകതാ നിർണയം നടത്തി പ്രോജക്ട് രൂപീകരിച്ചാണ് സാധന സാമഗ്രികൾ വാങ്ങേണ്ടത്. കഴിഞ്ഞ 3 മുതൽ 5 വരെയുള്ള വർഷങ്ങളിലെ ഉപയോഗം മുൻനിർത്തി ഓരോ വർഷവും ആവശ്യമായ സാധനങ്ങളുടെ പട്ടിക വർഷാരംഭത്തിന് മുമ്പ് തയ്യാറാക്കി, ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയാണ് സാധന സാമഗ്രികൾ വാങ്ങേണ്ടത്. തെരുവുവിളക്ക് പരിപാലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2)വർക്കിംഗ് ഗ്രൂപ്പ് ഫീൽഡ് തല പരിശോധന നടത്തി ഉപകരണങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതാണെങ്കിലും അപ്രകാരം തയ്യാറാക്കുന്നില്ല.

3) ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത് എന്നിങ്ങനെയുള്ള അവശ്യ വിവരങ്ങൾ കെ.എസ്.ഇ.ബി അധികൃതരുമായി സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തി വേണം ആവശ്യകതാ നിർണയം നടത്തേണ്ടത്. സർക്കുലർ നമ്പർ 3055/ ഡി.എ/3/11തീയ്യതി 15-09-11 ന്റെ ഖണ്ഡിക 2(ബി) പ്രകാരം തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് കരാറിലേർപ്പെടുന്നതിന് മുമ്പ് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിരിക്കണമെന്നും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം കരാർ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് എൻക്വയറി (നം. 37/16-12-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

4)ഗ്രാമപഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിന്റെ പരിധിയിൽവരുന്ന ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഓരോ സെക്ഷനിലുമുള്ള തെരുവുവിളക്കുകൾ/പോസ്റ്റുകളുടെ എണ്ണം, തരം എന്നീ വിവരങ്ങൾ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും കൃത്യമായ വിവരം ശേഖരിച്ച് തെരുവു വിളക്ക് രജിസ്റ്റർ തയ്യാറാക്കുന്നില്ല.

5)കേടായ സാധനങ്ങളുടെ വിവരം അതാത് ദിവസം രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കണം. പ്രസ്തുത രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

6)തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

7)തെരുവ്വിളക്ക് പരിപാലനത്തിനായി വാർഡ് തല മോണിട്ടറിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല.
തെരുവ് വിളക്ക് പരിപാലനത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-31 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 219 /19 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ |
| നിർവഹണം | സെക്രട്ടറി |
| നിർഹണ ഏജൻസി | കെ .എസ് .ഇ. ബി |
| വകയിരുത്തൽ | 1900000/-രൂപ<br>(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 1900000/- രൂപ<br>( ബിൽ നമ്പർ 42/30-11-2018) |

LT single phase 2 wire line , Adding one conductor (ACSR Rabbit) on the existing poles (where cross arm is not available) എന്നീ പ്രവൃത്തികൾ നിർവഹിക്കുന്നതിനായി കെ.എസ്.ഇ.ബി ആറ്റിങ്ങൽ സെക്ഷനിൽ നിന്നും കടയ്ക്കാവൂർ സെക്ഷനിൽ നിന്നും എസ്റ്റിമേറ്റ്

ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ സെക്ഷനിൽ 803000/-രൂപയും കടയ്ക്കാവൂർ സെക്ഷനിൽ 1097000/- രൂപയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വ്യവസ്ഥകൾ എഴുതിചേർക്കാത്ത കരാറിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ.ബിക്ക് തുക നൽകിയിട്ടുള്ളത്. പ്രവൃത്തി നാളിതുവരെയായും പൂർത്തിയാക്കിയിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39/16.12.19 ) കടയ്ക്കാവൂർ സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ 70% പ്രവൃത്തികളും ആറ്റിങ്ങൽ സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചതായി അറിയാൻ കഴിഞ്ഞുവെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. പ്രവൃത്തിപൂർത്തീകരണം സംബന്ധിച്ച് രേഖകൾ (ഫൈനൽ ബില്ലിന്റ പകർപ്പ് സഹിതം), വിനിയോഗ സർട്ടിഫിക്കറ്റ്, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതുവരെ 19,00,000/- രൂപ തടസ്സം ചെയ്യുന്നു.

# 1-32 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 107 /19 |
| പ്രോജക്ടിന്റെ പേര് | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| നിർവഹണം | സെക്രട്ടറി |
| നിർവഹണ ഏജൻസി | വാട്ടർ അതോറിറ്റി |
| വകയിരുത്തൽ | 600000/-രൂപ<br>(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 588489/- രൂപ<br>( ബിൽ നമ്പർ26/17-10-18) |

എ)<u>വിനിയോഗം കഴിച്ചുള്ള തുക അതാത് വർഷം തിരികെ ലഭ്യമാക്കുന്നില്ല</u>

ഡെപ്പോസിറ്റ് വർക്കിനുവേണ്ടി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കുന്ന തുകയിൽ വിനിയോഗം കഴിഞ്ഞ് ബാലൻസ് നിൽക്കുന്ന തുകകൾ അതത് വർഷം ഗ്രാമ പഞ്ചായത്തിൽ തിരികെ നൽകുന്നതിനുപകരം ബാലൻസ് തുകകൾ വാട്ടർ അതോറിറ്റിയിൽ നിലനിർത്തുകയും മൂന്ന്, നാല് വർഷങ്ങൾ കഴിഞ്ഞ് നടപ്പാക്കുന്ന പ്രോജക്ടിലേക്ക് ബാലൻസ് തുകയും കൂടി അഡ്ജസ്റ്റ് ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായാണ് പരിശോധനയിൽ

കണ്ടത്. 2015-16 വർഷം മുതലുള്ള വിവിധ ഡെപ്പോസിറ്റ് വർക്കിൽ നിന്നും വാട്ടർ അതോറിറ്റിയിൽ ബാലൻസ് തുകയായി 5,19,888/-രൂപ ഉണ്ടായിരുന്നു. പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തപ്പെടുന്നതിലേക്കായി 5,88,489/-രൂപ തൻവർഷത്തെ പ്രോജക്ട് പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട് . ഇപ്രകാരം ആകെ 11,08,377/-രൂപയാണ് വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്നത്. പ്രസ്തുത തുക വിനിയോഗിച്ച് തൻവർഷം നടപ്പിലാക്കേണ്ട പ്രോജക്ടിലേക്കായി 10,97,118/-രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഓരോ വാർഡിലെയും ഏതെല്ലാം സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കപ്പെടേണ്ടതാണെന്നുള്ള സ്ഥാപനത്തിന്റെ റിപ്പോർട്ടിന്റെ അഭാവത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. വിശദമായ വാർഡ് തിരിച്ചുള്ള എസ്റ്റിമേറ്റിന്റെ അഭാവത്തിലും വ്യവസ്ഥകൾ എഴുതിചേർക്കാത്ത കരാറിന്റെ അടിസ്ഥാനത്തിലുമാണ് വാട്ടർ അതോറിറ്റിക്ക് തുക നൽകിയിട്ടുള്ളത്. മുൻവർഷങ്ങളിലെ തുക കൂടി അഡ്ജസ്റ്റ് ചെയ്ത് പ്രവൃത്തി നിർവഹണത്തിനായി തുക നൽകിയെങ്കിലും പ്രവൃത്തി നാളിതുവരെയായും പൂർത്തിയാക്കിയിട്ടില്ല. അതായത് 2015-16മുതലുള്ള ഡെപ്പോസിറ്റ് പ്രവൃത്തികളുടെ തുകകൾ വാട്ടർ അതോറിറ്റിയുടെ കൈവശം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഓരോ വർഷത്തെയും പ്രോജക്ടിനായി വകയിരുത്തപ്പെടുന്ന തുക ആ വർഷം തന്നെ വിനിയോഗിക്കുന്നതിനും ചെലവഴിച്ചതിൽ ശേഷിക്കുന്ന തുക അതാത് വർഷം തന്നെ ഡെപ്പോസിറ്റ് സ്വീകരിച്ച സ്ഥാപനത്തിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

**ബി)പ്രവൃത്തി പൂർത്തീകരണ രേഖകൾ ലഭ്യമാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു**

പ്രസ്തുത പ്രവൃത്തി പൂർത്തീകരണവുമായി ബന്ധപ്പെട്ട രേഖകൾ (ഫൈനൽ ബില്ലിന്റ പകർപ്പ് സഹിതം), വിനിയോഗ സർട്ടിഫിക്കറ്റ് , മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.38/16-12-19) നൽകിയതിന് 2018-19 ൽ നൽകിയ തുകക്കുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും

പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. 2015-16 വർഷം മുതലുള്ള ഡെപ്പോസിറ്റ് വർക്കിൽ നിന്നും ബാലൻസ് നിൽക്കുന്ന തുകയായ 5,19,888/-രൂപയുടെ വിനിയോഗ വിവരം മറുപടിയിൽ പരാമർശിക്കുന്നില്ല. ആയതിനാൽ വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്ന മുഴുവൻ തുകക്കുമുള്ള പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കി ആയതിന്റെ വിനിയോഗം സംബന്ധിച്ച ചെലവ് രേഖകൾ, പൂർത്തീകരണസാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ സഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിച്ചതിൽ ശേഷിക്കുന്ന തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്. പ്രസ്തുത പ്രോജക്ട് നിർവഹണത്തിന് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ള 5,88,489/-രൂപ തടസ്സം ചെയ്യുന്നു.

# 1-33 പൂന്തോട്ടം ശുദ്ധജല പദ്ധതി - എസ്റ്റിമേറ്റും വാല്യുവേഷനുമില്ലാതെ പദ്ധതി നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 165/19 |
| അടങ്കൽ തുക | 113350<br>( വികസനഫണ്ട്) |
| ചെലവ് തുക | 110000/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ/ തീയതി | 50/17-01-2019 |

ഗ്രാമപഞ്ചായത്ത് ക്ഷണിച്ച 26-10-2018ലെ ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ പൂന്തോട്ടം ശുദ്ധജലപദ്ധതിക്കായി 10000 ലിറ്റർ പി.വി.സി വാട്ടർ ടാങ്ക് സ്ഥാപിക്കൽ പ്രവൃത്തിയിൽ ടാങ്ക് സ്ഥാപിച്ചതിനും അതിലേക്ക് ആവശ്യമായ ലേബർ ചാർജ്ജും ഉൾപ്പെടെ (ടാങ്കിന്റെ വിലയിനത്തിൽ 90000/-രൂപയും ഫിറ്റിംഗിനുള്ള ലേബർ ചാർജിനത്തിൽ 20000/-രൂപയും) 110000/- രൂപ രാജ് ഇലക്ട്രിക്കൽസ് ചിറയിൻകീഴ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ്, വാല്യൂവേഷൻ എന്നിവ ഇല്ലാതെയാണ് പദ്ധതി നടപ്പിലാക്കിയത്. വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 57/18-12-2019) മറുപടി ലഭ്യമാക്കിയില്ല. അസി.എഞ്ചിനീയറുടെ കൃത്യമായ എസ്റ്റിമേറ്റിന്റെ

അടിസ്ഥാനത്തിൽ മാത്രം പ്രവൃത്തി നിർവഹിക്കുന്നതിനും പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ആയതിലേക്കായി അധികാരപ്പെടുത്തിയവരുടെ വാല്യുവേഷൻ ലഭിക്കുന്ന മുറക്ക് മാത്രം പേമെന്റ് അനുവദിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-34 ഖരമാലിന്യ നിർമാർജനം - നിർവ്വഹണത്തിൽ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO 148/19 |
| അടങ്കൽ തുക | 112950<br>(വികസനഫണ്ട് - 42950<br>ധനകാര്യ കമ്മീഷൻ അവാർഡ്- 70000) |
| ചെലവ് തുക | 45000/-രൂപ<br>(ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ/തീയതി | 29/26-10-2018 |

ടെണ്ടർ നടപടികൾ വഴി, കടയ്ക്കാവൂർ ചെക്കാലവിളാകം മാർക്കറ്റിൽ നിന്നും മാലിന്യം ശേഖരിച്ച് വാഹനത്തിൽ കയറ്റി സംസ്കരണസ്ഥലത്തേക്ക് കൊണ്ടുപോകുന്നതിനായി കൂലിചെലവ്, വണ്ടിവാടക എന്നിവ നൽകുന്നതിനുവേണ്ടിയുള്ള പദ്ധതി. പ്രസ്തുത പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)നീക്കം ചെയ്യേണ്ട മാലിന്യത്തിന്റെ അളവ്, നീക്കം ചെയ്യേണ്ടി വരുന്നതിന്റെ ചെലവ് തുക ഇവ സംബന്ധിച്ച് അസി. എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2) നീക്കം ചെയ്ത മാലിന്യം സംസ്കരണത്തിനായി എവിടേയ്ക്കാണ് കൊണ്ടുപോയത് എന്നത് സംബന്ധിച്ച വിവരമോ സംസ്കരണസ്ഥലത്തേക്ക് കൊണ്ടുപോയതിന് തൊഴിലാളികൾക്ക്

കൂലി നൽകിയതിന്റെ വിവരമോ വണ്ടിവാടക നൽകിയത് സംബന്ധിച്ച വിവരമോ ലഭ്യമാക്കിയില്ല.

3) 7-8-2018 ലെ ടെണ്ടറിന്റെ അടിസ്ഥാനത്തിൽ 45000/- രൂപയുടെ മാലിന്യം നീക്കം ചെയ്തതിന് കരാറുകാരനായ ശ്രീ. സുദർശനന് തുക നൽകിയെങ്കിലും ചെയ്ത പ്രവൃത്തിയുടെ മൂല്യം അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) അടങ്കൽ തുക 112950/- രൂപയായിരുന്ന പ്രവൃത്തിയ്ക്ക് വേണ്ടി ഒറ്റ ടെണ്ടർ ക്ഷണിക്കാതെ ആദ്യഘട്ട നിർവഹണത്തിനായി 45000/-രൂപയുടെ ക്വട്ടേഷനും രണ്ടാംഘട്ട നിർവഹണത്തിനായി (29-12-2018ൽ) 67950/-രൂപയുടെ ക്വട്ടേഷനുമാണ് ക്ഷണിച്ചിരിക്കുന്നത്.

5) രണ്ടാംഘട്ട ക്വട്ടേഷനിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ ഒരിക്കൽ കൂടി ക്വട്ടേഷൻ കൊടുക്കാൻ 11-1-2019 ൽ ഫയലിൽ ഓർഡർ ഇട്ടിട്ടുണ്ടെങ്കിലും തുടർ നടപടി സ്വീകരിച്ചില്ല.

മേൽ പ്രോജക്ടിലേക്കായി 112950/-രൂപ വകയിരുത്തിയിരുന്നുവെങ്കിലും 45000/-രൂപ മാത്രം വിനിയോഗിച്ച് ആദ്യഘട്ട മാലിന്യനിർമാർജനം മാത്രമാണ് നടപ്പാക്കിയത്. വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ 36/16-12-2019) മാർക്കറ്റിലെ മാലിന്യം അടിയന്തരമായി നീക്കം ചെയ്യേണ്ടി വന്നതിനാലും നിലവിലുള്ള എൽ എസ് ജി ഡി വിഭാഗം എസ്റ്റിമേറ്റ്, വാല്യുവേഷൻ എടുത്തുതരാൻ തയ്യാറാകാത്തതിനാലുമാണ് ക്വട്ടേഷൻ നടപടി വഴി തുക വിനിയോഗിച്ചതെന്ന് മറുപടി ലഭ്യമാക്കി.

മാലിന്യം നീക്കം ചെയ്യേണ്ടത് സംബന്ധിച്ച് എസ്റ്റിമേറ്റ്, നീക്കം ചെയ്ത മാലിന്യത്തിന്റെ മൂല്യനിർണയം എന്നിവ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്തതിനാൽ കൃത്യമായി എത്ര രൂപയുടെ പ്രവൃത്തി നിർവഹിച്ചു എന്ന് ഉറപ്പിക്കാൻ കഴിയുന്നില്ല. പ്രവൃത്തി നിർവഹിക്കുന്നതിന് രണ്ടാം ഘട്ടം ക്വട്ടേഷൻ ക്ഷണിച്ചതിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ പദ്ധതി ഭാഗികമായി മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ആയതിനാൽ പ്രോജക്ട് അതിന്റെ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുമില്ല. ഒരു പ്രവൃത്തി നിർവഹണത്തിനായി ഘട്ടംഘട്ടമായി ക്വട്ടേഷൻ ക്ഷണിച്ചതും അംഗീകരിക്കാനാകുന്നില്ല.

മാലിന്യ നിർമാർജനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-35 ഗ്രന്ഥശാലകളിലേക്ക് പുസ്തകം വാങ്ങൽ - വിതരണം സംബന്ധിച്ച് അവ്യക്തത

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 147/19 |
| പ്രോജക്ടിന്റെ പേര് | കാളിദാസ ഗ്രന്ഥശാല, മറ്റ് ഗ്രന്ഥശാല പുസ്തകം വാങ്ങൽ |
| അടങ്കൽ തുക | 101466 |
| ചെലവ് തുക | 101464 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ | 22/ 17-10-2018 |

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള കാളിദാസ ലൈബ്രറി, ഇ എം. എസ് സ്മാരക ലൈബ്രറി, എസ് എൻ വി ഗ്രന്ഥശാല എന്നീ ഗ്രന്ഥശാലകളിലേക്ക് പുസ്തകം വാങ്ങി നൽകുന്നതാണ് പദ്ധതി. പ്രസ്തുത പ്രോജക്ടിലേക്കായി ദേശാഭിമാനിയിൽ നിന്നും 45000/-രൂപയുടെയും എം ബി ബുക്ക് ഹൗസിൽ നിന്നും 44672/-രൂപയുടെയും സുകുമാർ ബുക്സിൽ നിന്നും 11792/-രൂപയുടെയും പുസ്തകം വാങ്ങി മേൽ ലൈബ്രറികൾക്ക് വിതരണം ചെയ്തു എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലൈബ്രറി സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ ലൈബ്രറിക്കും എത്ര രൂപയുടെ പുസ്തകം ലഭിച്ചു എന്നത് സംബന്ധിച്ച് വ്യക്തത ഇല്ല. പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പുസ്തകം വിതരണം ചെയ്തതായും കാണുന്നില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.40/16-12-19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പുസ്തക വിതരണവിവരം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ പുസ്തകം വാങ്ങലിന് വേണ്ടി ചെലവഴിച്ച 101464/-രൂപ തടസ്സം ചെയ്യുന്നു.

## 1-36 തെരുവ് നായ നിയന്ത്രണം - മോണിറ്ററിംഗ് നടത്തിയില്ല


| | |
|---|---|
| പ്രോജക്ട് നമ്പർ | S0093/19 |
| അടങ്കൽ തുക | 210000 (വികസന ഫണ്ട്) |
| ചെലവ് തുക | 210000 |
| ബിൽ നമ്പർ | 1/29.08.2018 |

ABC പ്രോഗ്രാം നടപ്പാക്കുന്നതിനായി 210000 രൂപ കുടുംബശ്രീ ജില്ലാ മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും 100 തെരുവ് നായകളെ വന്ധ്യംകരണം നടത്തി റിലീസ് ചെയ്തതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. സ്റ്റാർ ആക്ടിവിറ്റി ഗ്രൂപ്പിന്റെ കത്ത് പ്രകാരം ചുവടെചേർക്കുന്ന പ്രവർത്തനങ്ങൾ നടന്നതായി രേഖപ്പെടുത്തലുണ്ട്.

| നായകളെ പിടിച്ച തീയതി | സർജറി നടത്തിയ തീയതി | സംരക്ഷണം കഴിഞ്ഞ് തിരിച്ചു വിട്ട തീയതി | നായകളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ |
| 03.03.19 | 04.03.19 | 07.03.19 | 15 | 20 | 35 |
| 07.03.19 | 08.03.19 | 11..03.19 | 12 | 11 | 23 |
| 11.03.19 | 12.03.19 | രേഖപ്പെടുത്തിയിട്ടില്ല | 23 | 19 | 42 |
| | | ആകെ | 50 | 50 | 100 |

സർജറി നടത്തിയ നായകളെ സംരക്ഷിക്കുന്നതിനുള്ള ഷെൽട്ടർ സംവിധാനം ഏർപ്പെടുത്തിയതിന്റെ വിവരം, നായകളെ പിടിച്ച Licenced Dog Catcher ന്റെ വിശദാംശങ്ങൾ, സർജറി നടത്തിയ വെറ്റിനറി സർജന്റെ വിശദാംശങ്ങൾ, ട്രാൻസ്പോർട്ടേഷന് വാഹനം ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 25/12.12.2019) മറുപടി ലഭ്യമാക്കിയെങ്കിലും ആധാരമായ ഒരു രേഖയും ഹാജരാക്കിയില്ല.

ഫയലിൽ സൂക്ഷിച്ചിരുന്ന മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമാണ്.



## മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് 2018-2019ജനകീയാസൂത്രണപദ്ധതിയിലെ തെരുവ്നായ വന്ധീകരണം പദ്ധതി താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മോണിറ്ററിംഗ് കമ്മിറ്റിയുടെ സാന്നിധ്യത്തിൽ ആനുകൂല്യം നൽകിയിരിക്കുന്നു

PRESIDENT
Kadakavur Grama Panchayat
(Special Grade)

വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ 25/12.12.2019) മറുപടിയായി പദ്ധതി പ്രകാരം 100 തെരുവ് നായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയമാക്കിയിട്ടുണ്ട് എന്ന രേഖപ്പെടുത്തലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കി ലഭ്യമാക്കുകയാണുണ്ടായത്. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ആവശ്യമായ മോണിറ്ററിംഗ് നടന്നില്ലായെന്ന് ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടുകളിൽ നിന്ന് വ്യക്തമാണ്. ഭാവിയിൽ എ.ബി.സി. പ്രോജക്ട് നടപ്പാക്കുമ്പോൾ മോണിറ്ററിംഗിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്.

# 1-37 മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് രൂപീകരണത്തിന് ആധാരമാക്കേണ്ട രേഖകൾ നിലവിലില്ല

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. റോഡുകളുടെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിച്ചുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 03/09.12.2019).

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) നം.72/2017/ത.സ്വ.ഭ.വ തീയതി 29-03-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. എന്നാൽ ഗ്രാമപഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല. R- Track എന്ന ആപ്ലിക്കേഷൻ ഉപയോഗിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്ന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആസ്തി രജിസറ്റർ കാലികമാക്കുന്നതിന്റെയും റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന്റെയും പ്രവർത്തന പുരോഗതി ലഭ്യമാക്കേണ്ടതാണ്.

# 1-38 സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്.

18-19 വർഷം നടപ്പാക്കിയ മിക്ക പ്രവൃത്തികളിലും ഇവയൊന്നും പാലിക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നിട്ടുണ്ട്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) ആയുർവേദാശുപത്രി മെയിൻ്റനൻസ് (SO074/19)

ആദ്യ എസ്റ്റിമേറ്റിൽ ഉണ്ടായിരുന്ന 7 ഇനങ്ങളിൽ ആദ്യത്തെ ആറെണ്ണവും ഒഴിവാക്കി രണ്ട് എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി. ഏഴാം ഇനമായ സിറാമിക് ടൈൽ പാകൽ 50.03 $m^2$ എന്നത് 130.33 $m^2$ ആയി റിവൈസ് ചെയ്തു.

ബി) പുളിയറ - പഴയംപള്ളി - മാടൻ നട -പൊയ്കവിള റോഡ് നവീകരണവും ഏലാതോട് സംരക്ഷണവും(SO060/19)

സൈറ്റ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൈഡ് വാൾ നിർമ്മാണം എസ്റ്റിമേറ്റിൽ കുറവായതിനാലും റീകോൺക്രീറ്റ് ചെയ്യേണ്ട റോഡ് പൂർണമായും തകർന്ന നിലയിലായതിനാലും സൈഡ് പ്രൊട്ടക്ഷനിലെ 3 ഇനങ്ങൾ ഒഴിവാക്കി 3 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.

സി) കീഴാറ്റിങ്ങൽ - കുടാരം പള്ളി റോഡ് കോൺക്രീറ്റിംഗ് (SO060/19)

കോൺക്രീറ്റിംഗിനും ഇന്റർ ലോക്കിംഗിനുമായി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തിയിൽ റോഡിന്റെ നീളം കൂടുതലായതിനാൽ കോൺക്രീറ്റിന്റെ നീളം കുറച്ച് ഇൻറർലോക്കിംഗ് നീളം കൂട്ടി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.

ഡി) അംഗൻ വാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ (SO075/19)

റിവൈസ്ഡ് എസ്റ്റിമേറ്റിൽ പ്രവൃത്തി ചെയ്യുന്ന വേളയിൽ പല ഭാഗങ്ങളും താഴ്ച കൂടിയിട്ടുള്ളതിനാലും കോൺക്രീറ്റ് തകർന്ന നിലയിലുമായതിനാലുമാണ് റിവൈസ് ചെയ്യുന്നതെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ഇപ്രകാരം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നതിന് വിവിധ കാരണങ്ങളാണ് വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 34/16.12.2019, 43/17.12.2019 എന്നിവയുടെ മറുപടി).

പ്രവൃത്തി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങളും സർക്കുലറുകളും പാലിക്കേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-39 പഞ്ചായത്തിന്റെ ആസ്തിയാണെന്ന് ഉറപ്പാക്കാതെ ഷെഡ് നിർമ്മാണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹരിതകേരളം കളപ്പാട്ടം പാടശേഖരസമിതിക്ക് ഷെഡ് നിർമ്മാണം |
| പ്രോജക്ട് നമ്പർ | SO200/19 |

| | |
|---|---|
| അടങ്കൽ തുക | 250000(വികസന ഫണ്ട്) |
| ചെലവ് തുക | 211762 |
| ബിൽ നമ്പർ | 14/09.07.18 |
| കരാറുകാരൻ | കവിരാജൻ (5.1% below) |
| എം ബുക്ക് നമ്പർ | 184/17-18 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

പാടശേഖര സമിതിക്ക് ഷെഡ് നിർമ്മിക്കുന്നതിനായുള്ള പ്രസ്തുത പ്രവൃത്തിയുടെ പ്രോജക്ടിൽ ആസ്തി യുണീക്ക് നമ്പരായി 1246001086000003 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 50/18.12.2019) സചിത്ര സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്യുന്നതിന്റെ ഭാഗമായി സോഫ്റ്റ് വെയർ ലോക്കായിരുന്നുവെന്നും താല്ക്കാലികമായി യുണീക് നമ്പർ നൽകുകയായിരുന്നുവെന്നും വിശദീകരിച്ചിട്ടുണ്ട്.

പ്രസ്തുത ഷെഡ് സ്ഥാപിച്ചിട്ടുള്ള സ്ഥലം പഞ്ചായത്തിന്റേതാണെന്ന് / കൈമാറിക്കിട്ടിയതാണെന്ന് വ്യക്തമാകുന്ന രേഖകൾ ലഭ്യമാക്കിയില്ല. പാടശേഖരസമിതിക്ക് വിത്തും നെല്ലും സംഭരിക്കുന്നതിനായി ഷെഡ് നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ സ്ഥലം ഇല്ലാത്തതിനാൽ സമിതിയുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി തയ്യാറാക്കി നിർവ്വഹണം നടത്തിയതെന്ന് വിശദീകരിച്ചിട്ടുണ്ട്. 18.12.2019ൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത ഷെഡിനായി തുടർ പ്രവൃത്തികൾ നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന്റേതല്ലാത്ത ആസ്തിയിൽ വികസന ഫണ്ട് ചെലവഴിച്ചത് ഉചിതമായ നടപടിയല്ല. വിശദമായ റിപ്പോർട്ട് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

# 1-40 ഓഡിറ്റ് ഇംപാക്ട് - കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി

പൊതുകിണർ നന്നാക്കൽ എന്ന പ്രവൃത്തിക്കായി അളവുകൾ കണക്കാക്കിയതിലെ പിശക് മൂലം അധികമായി 2008 രൂപ കരാറുകാരന് നൽകി.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO052/19 |
| അടങ്കൽ തുക | 100000 (വികസന ഫണ്ട് ) |
| കരാറുകാരൻ | ഹരിദാസ് (എസ്റ്റിമേറ്റ് നിരക്ക് ) |
| ചെലവ് തുക | 91162 രൂപ |
| ബിൽ നമ്പർ | 71/20.03.2019 |

ഇനം 1 :- Pumping or bailing out water and removing slush etc by using pump set including cost of labour, oil, hire charges of pump set etc complete

Veterenary Hospital 5

Thoppichanda Market 8

13 മണിക്കൂറിന് 208.04 / മണിക്കൂർ നിരക്കിൽ 2704.52 രൂപ നൽകുന്നതിന് പകരം 4712.11 രൂപ നൽകി. വിശദീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ 24 / 12.12.2019) അധികമായി 2008 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി വിശദാംശങ്ങൾ ലഭ്യമാക്കി.

# 1-41 ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും ഇതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO0129/19 |
| പേര് | ലൈഫ് ഭവന പദ്ധതി (എസ് സി പി) |
| അടങ്കൽ തുക | 2591921/- |
| ചെലവ് തുക | 820000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. (സർക്കിൾ-2) |
| ബിൽ നമ്പർ , തുക | 3/13.07.18, 100000<br>6/14.08.18, 100000<br>13/11. 10.18, 80000<br>24/28.11.18, 160000<br>23/13.11.18, 40000<br>48/14.01.19, 100000<br>57/04.02.19, 40000<br>68/15.03.19, 200000 |

ലൈഫ് ഭവന പദ്ധതിയ്ക്കായി 18-19 വർഷം 820000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ശ്രീനിധി , അരികത്ത് വീട് , കടയ്ക്കാവൂർ എന്ന ഗുണഭോക്താവ് 11.10.18 ൽ ആദ്യ ഗഡുവായി 40000/- രൂപ കൈപ്പറ്റിയെങ്കിലും ഇതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം45/18.12.19) പ്രസ്തുത ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിക്കാൻ തയ്യാറാകാത്തതിനാൽ നല്കിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാകുന്നതുവരെ ചെലവ് തുക 40000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-42 അംഗനവാടി പോഷകാഹാരം - സ്റ്റോക്ക് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

### എ)റ്റി.എച്ച് .ആർ.എസ് മിശ്രിതം വിതരണം ചെയ്തതിലെ പൊരുത്തക്കേട്

| | |
|---|---|
| പ്രോജക്ട് നമ്പർ | SO010/19 |
| പ്രോജക്ടിന്റെ പേര് | അംഗനവാടി പോഷകാഹാരം -ജനറൽ |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 1000000/-(വികസനഫണ്ട്)<br>600000(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 1600000/- |
| ബിൽ നമ്പർ<br>വികസന ഫണ്ട് | 01/29.06.18(388826/-)<br>03/23.08.18(194568/-)<br>07/18.09.18(69486/-)<br>10/19.09.18(78218/-)<br>12/23.11.18(268902/-)<br>ആകെ 1000000 രൂപ |
| ചെക്ക് നമ്പർ<br>(കേന്ദ്രാവിഷ്കൃത ഫണ്ട്) | 2397067/21.12.18(125228/-)<br>2397073/22.01.19(142413/-)<br>2397089/13.03.19(332359/-)<br>ആകെ 600000 രൂപ |

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 26 അംഗനവാടികൾക്ക് റ്റി.എച്ച്.ആർ.എസ് മിശ്രിതം വാങ്ങിയതുമായി ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും അംഗനവാടി വർക്കർമാർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ വിവിധ അംഗനവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകളിലെ വ്യത്യാസം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ തീയതി | അംഗനവാടി നമ്പർ | ഐ.സി.ഡി.എസ് സ്റ്റോക്ക് രജിസ്റ്റർ(kg) | അംഗനവാടി സ്റ്റോക്ക് രജിസ്റ്റർ(kg) |
|---|---|---|---|
| 45/15.05.18 (അന്നജ ന്യൂട്രിമിക്സ് പഴയകുന്നുമ്മേൽ) | 57 | 35 | 28 |
| | 82 | 24.5 | 35 |
| | 80 | 35 | 38.5 |
| | 72 | 35 | 42 |
| | 59 | 35 | 28 |
| 58/21.06.18 (അന്നജ ന്യൂട്രിമിക്സ് പഴയകുന്നുമ്മേൽ) | 57 | 21 | 30 |
| | 60 | 45 | 36 |
| | 63 | 45 | 36 |
| | 72 | 24 | 36 |
| | 59 | 30 | 24 |
| 64/20.08.18 (അന്നജ ന്യൂട്രിമിക്സ് പഴയകുന്നുമ്മേൽ) | 70 | 45 | 52.5 |
| | 74 | 45 | 52.5 |
| | 79 | 36 | 39 |
| 88/24.10.18 (അന്നജ ന്യൂട്രിമിക്സ് പഴയകുന്നുമ്മേൽ) | 62 | 36 | 49 |
| | 81 | 39 | 21 |
| | 82 | 39 | 21 |
| 93/27.11.18 (അന്നജ ന്യൂട്രിമിക്സ് പഴയകുന്നുമ്മേൽ) | 57 | 35 | 28 |
| | 67 | 17.5 | 24.5 |
| | 73 | 35 | 42 |
| | 79 | 42 | 39 |
| 102/28.12.18 (അന്നജ ന്യൂട്രിമിക്സ് പഴയകുന്നുമ്മേൽ) | 62 | 36 | 42 |
| | 67 | 21 | 30 |
| | 72 | 28 | 24 |
| | 73 | 45 | 36 |
| | 79 | 30 | 36 |

## ബി))ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തതിലെ പൊരുത്തക്കേട്

| | |
|---|---|
| പ്രോജക്ട് നമ്പർ | SO010/19 |
| പ്രോജക്ടിന്റെ പേര് | അംഗനവാടി പോഷകാഹാരം -ജനറൽ |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 1000000/-(വികസന ഫണ്ട്)<br>600000(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 1600000/- |

| | |
|---|---|
| പ്രോജക്ട് നമ്പർ | SO011/19 |
| പ്രോജക്ടിന്റെ പേര് | അംഗനവാടി പോഷകാഹാര പരിപാടി (എസ്.സി.പി) |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 300000/-(വികസന ഫണ്ട്) |
| ചെലവ് | 300000/- |

മേൽ പ്രോജക്ടുകൾ പ്രകാരം അംഗനവാടികളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും അംഗനവാടി വർക്കർമാർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ തീയതി | അംഗനവാടി നമ്പർ | ഐ.സി.ഡി.എസ് സ്റ്റോക്ക് രജിസ്റ്റർ ഇനം (kg) | അംഗനവാടി സ്റ്റോക്ക് രജിസ്റ്റർ(kg) |
|---|---|---|---|
| 910/20.07.18<br>(കടയ്ക്കാവൂർ സർവ്വീസ് സഹകരണ ബാങ്ക്) | 71 | ഗോതമ്പ്- 50 | ഗോതമ്പ്- 75 |
| | 75 | ഗോതമ്പ്- 50<br>കപ്പലണ്ടി - 7 | ഗോതമ്പ്-25<br>കപ്പലണ്ടി - 5 |
| 913/14.11.18<br>കടയ്ക്കാവൂർ സർവ്വീസ് സഹകരണ ബാങ്ക് | 81 | പയർ -15<br>കപ്പലണ്ടി - 10 | പയർ -12<br>കപ്പലണ്ടി - 9 |
| | 80 | പയർ - 15 | പയർ - 20 |

സ്റ്റോക്ക് രേഖപ്പെടുത്തിയതിലെ വ്യത്യാസം ശരിയാക്കി ഹാജരാക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 46/18.12.19 -ന്റെ മറുപടി). സ്റ്റോക്ക് രജിസ്റ്ററുകളിലെ അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ഭാവിയിൽ പോഷകാഹാര വിതരണത്തിൽ ഇപ്രകാരമുള്ള അപാകങ്ങളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-43 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ - പ്രൊക്വയർമെന്റ് മാർഗരേഖയിലെ വ്യവസ്ഥ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 102/19 |
| അടങ്കൽ തുക | 208800 |
| ചെലവ് തുക | 207600 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നമ്പർ | 12/30-01-2019 |

മേൽ പദ്ധതി പ്രകാരം 48 വയോജനങ്ങൾക്ക് 207600/-രൂപ ചെലവഴിച്ച് ആർട്ട്കോയിൽ നിന്നും കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ജി.ഒ(പി) നം.29/2010/ത.സ്വ.ഭ.വ തീയതി 8-11-2010 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടത്. എന്നാൽ പ്രൊക്വയർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ പ്രസ്തുത വാങ്ങൽ സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല. മാത്രമല്ല കട്ടിലുകളുടെ ഗുണനിലവാര പരിശോധന നടത്തേണ്ടിയിരുന്നുവെങ്കിലും അപ്രകാരം പരിശോധനയും നടത്തിയിട്ടില്ല. മിനിട്സിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്താത്തതിനാലാണെന്നാണ് വിശദീകരണം(ഓഡിറ്റ് എൻക്വയറി നമ്പർ32/13-12-2019). പ്രൊക്വയർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ 2018-19 കാലയളവിൽ ഒരു പ്രാവശ്യം മാത്രമാണ് മീറ്റിംഗ് കൂടിയിട്ടുള്ളതായി രേഖപ്പെടുത്തലുകൾ ഉള്ളത്.

മിനിട്സ് ബുക്കിന്റെ പല പേജുകളും ഒഴിച്ചിട്ടുമുണ്ട്. പ്രൊക്വയർമെന്റ് കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നാണ് ഇതിൽ നിന്നും വെളിവാകുന്നത്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-44 ആയുർവേദ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- കംപ്യൂട്ടർ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0029/19 |
| പേര് | ആയുർവേദ ആശുപത്രിയുടെ<br>ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ |
| അടങ്കൽ തുക | 50000/- |
| ചെലവ് തുക | 49996/- |
| ബിൽ നമ്പർ, തുക | 2/ 28.03.19, 49996/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - ആയുർവേദം |

മേൽ പദ്ധതി പ്രകാരം ആയുർവേദ ആശുപത്രിക്ക് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കംപ്യൂട്ടർ, പ്രിന്റർ, യു.പി.എസ് എന്നിവ വാങ്ങുന്നതിന് കെൽട്രോണിന് 49996/- രൂപ 28.3.19 ൽ നല്കിയിട്ടുണ്ട്. കെൽട്രോൺ നല്കിയ ഇൻവോയ്സ് പ്രകാരം ഡെസ്ക്ടോപ്പിന് 35589/- രൂപയും യു.പി.എസി ന് 3535/- രൂപയും പ്രിന്ററിന് 10872/-രൂപയും വില നിശ്ചയിച്ച് നല്കിയിട്ടുണ്ട്. യു.പി.എസ്, പ്രിന്റർ എന്നിവ സപ്ലൈ ചെയ്തിട്ടുണ്ടെങ്കിലും ഡെസ്ക്ടോപ്പ് ഇതുവരെ സപ്ലൈ ചെയ്തിട്ടില്ല. കെൽട്രോണിൽ നിന്നും ഡെസ്ക്ടോപ്പ് വാങ്ങാൻ തീരുമാനിച്ചതിന്റെ കമ്മിറ്റി തീരുമാനം,കെൽട്രോണുമായി കരാർ ചമച്ചതിന്റെ രേഖകൾ, സാധനം സപ്ലൈ ചെയ്യുന്നതിന് മുൻപ് മുൻകൂറായി കെൽട്രോണിന്

തുക നല്കാനുണ്ടായ സാഹചര്യം, കെൽട്രോൺ ഡെസ്ക്ടോപ്പ് ഇതുവരെ സപ്ലൈ ചെയ്യാത്തതിനുള്ള കാരണം എന്നിവ വിശദമാക്കാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 31/13.12.2019) ഡെസ്ക്ടോപ്പ് ലഭ്യമാക്കാൻ കെൽട്രോണിന് നിരവധി തവണ കത്തയച്ചെങ്കിലും ലഭ്യമാക്കിയിട്ടില്ല എന്നാണ് മറുപടി നല്കിയിട്ടുള്ളത്. ഡെസ്ക്ടോപ്പ് ഇതുവരെ ലഭിക്കാത്തതിനാൽ ചെലവ് തുക 35589/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-45 പി.എച്ച്.സിയ്ക്ക് മരുന്നു് വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO018/19 |
| അടങ്കൽ തുക | 500000/- |
| ചെലവ് തുക | 500000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി |
| ബിൽ നമ്പർ, തുക | 12/7.12.18, 500000 |

മേൽ പദ്ധതി പ്രകാരം നടപ്പിലാക്കിയ മരുന്ന് വാങ്ങലിന് KMSCLന് 500000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ 246147/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത് . പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 27/12.12.19) ശേഷിക്കുന്ന 253853/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-46 പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | SO018/19 |
| അടങ്കൽ തുക | 967040/- |
| ചെലവ് തുക | 695506/-( വികസന ഫണ്ട് )<br>115928/-( മെയിന്റനൻസ് നോൺ റോഡ് )<br>34200/-(തനത് ഫണ്ട് ) |
| [illegible] | [illegible] |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി |
| ബിൽ നമ്പർ, തുക<br>ചെക്ക് നമ്പർ, തുക<br>(തനത് ഫണ്ട്) | 2/12.10.18, 150437<br>5/29.10.18, 31520<br>13/ 7. 12.18, 21597<br>14/19.12.18, 390019<br>16/24.12.18, 110765<br>20/31.01.19, 26456<br>22/15.02.19, 20310<br>23/16.03.19, 21600<br>27/27.03.19, 12765<br>28/27.03.19, 25965<br>393426/ 31.12.18 , 9000/-<br>393442/ 18.01.19 , 9000/-<br>394102/ 15.02.19 , 7200/-<br>394219/ 13.03.19 , 6600/-<br>497518/27.03.19 ,9000/- |

പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1)ബിൽ നമ്പർ 2/18-19 പ്രകാരം 150437 /- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ വൗച്ചർ പ്രകാരം 149537/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്.

2) 25.7.18 ൽ ഹോംകെയർ രജിസ്റ്റർ പ്രകാരം ഹോം വിസിറ്റ് നടത്തിയിട്ടില്ല.എന്നാൽ ആ ദിവസം ഹോംകെയർ വിസിറ്റിന്റെ ഭാഗമായി ഭക്ഷണത്തിന് 250/- രൂപ ചെലവഴിച്ചിട്ടുണ്ട്.

3)പാലിയേറ്റീവ് കെയറിനായി നവംബർ 2018 വരെ നോൺ ട്രാൻസ്പോർട്ട് വാഹനമാണ്(KL -03 H 6481) ഉപയോഗിച്ചിരിക്കുന്നത്.

4)പാലിയേറ്റീവ് കെയറിന്റെ ഭാഗമായുള്ള മരുന്ന് വാങ്ങലിന് KMSCLന് 358720/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ 165529/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്.

5)പദ്ധതിയ്ക്കായി തനത് ഫണ്ട് 40800/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 34200/- രൂപയാണ് തനത് ഫണ്ടായി ചെലവഴിച്ചിട്ടുള്ളത്.

6) 22.10.18 ൽ പാലിയേറ്റീവ് വിസിറ്റിംഗിനായി KL -03 H 6481എന്ന വാഹനം 9 Amമുതൽ 3PM വരെ യാത്ര നടത്തിയ വകയിൽ ഡ്രൈവർ ശ്രീ അശോക് കുമാർ 900/- രൂപ കൈപ്പറ്റിയിട്ടുണ്ട് . എന്നാൽ ഇതേ വാഹനം ഇതേ ദിവസം 9AM മുതൽ 3PMവരെ ദേശീയ വിരവിമുക്തി പദ്ധതിയുടെ ഭാഗമായി യാത്ര നടത്തിയതിന് ഡ്രൈവർ ശ്രീ അശോക് കുമാർ 1100/- രൂപ കൈപ്പറ്റിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ26/12.12.19 ) ലഭ്യമാക്കിയ മറുപടിയിൽ ക്ലറിക്കൽ മിസ്റ്റേക്ക്, നോൺട്രാൻസ്പോർട്ട് വാഹനം ഉപയോഗിക്കാൻ പാടില്ല എന്നതിനെക്കുറിച്ച് അറിവില്ലായ്മ എന്നിവ കാരണമാണ് ഇത്തരം അപാകതകൾ സംഭവിച്ചതെന്ന് അറിയിച്ചു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും അതോടൊപ്പം ശേഷിക്കുന്ന 193191/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിസ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 1-47 സുരക്ഷ – പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO23/19 |
| പേര് | സുരക്ഷ |
| അടങ്കൽ തുക | 200000/- |
| ചെലവ് തുക | 200000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - പി എച്ച് സി |
| ബിൽ നമ്പർ, തുക | 17/7.01.19, 127200/-<br>19/31.01.19, 72800/- |

ഗ്രാമ - ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായി 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം മെഡിക്കൽ കോളേജ് മാനസിക ആരോഗ്യ

വിഭാഗത്തിന്റെ സഹായത്തോടെ സമഗ്ര മാനസിക ആരോഗ്യ പരിപാടിക്ക് വേണ്ടി 200000/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മരുന്ന് വാങ്ങുന്നതിനുള്ള തുക ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക് അനുവദിച്ച് നൽകുന്നതിനും ബാക്കി തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പദ്ധതിക്ക് വേണ്ടി ചെലവഴിക്കാനുമാണ് 26-11-2018 തീയതിയിൽ 15(1) ാം നമ്പരായി ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത്. എന്നാൽ ഇതുവരെ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട രേഖകളോ വിനിയോഗ സാക്ഷ്യപത്രമോ ലഭിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/ 12.12.19) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 200000/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-48 മഴക്കാല പൂർവ ശുചീകരണം- നിയമാനുസൃത രേഖകൾ ഹാജരാക്കിയില്ല

2018-19 സാമ്പത്തിക വർഷം മഴക്കാല പൂർവ ശുചീകരണത്തിനായി പി എച്ച് സി ക്ക് 160000/-രൂപ (ശുചിത്വ മിഷൻ ഫണ്ട് ചെക്ക് നമ്പർ 2397025/01.06.18) അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) തദ്ദേശ സ്വയംഭരണ (ഡി സി ) വകുപ്പ് ,തിരുവനന്തപുരം,തീയതി 23.4.2015, നം 178649/ ഡി സി/2015/ ത സ്വ ഭ വ പ്രകാരമുള്ള ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

എ. വാർഡ് തല ശുചിത്വ കൂട്ടായ്മ

ബി. ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം

സി. വാർഡ് തല ശുചിത്വ മാപ്പിംഗ്

ഡി. പഞ്ചായത്ത് തല കർമ്മ പരിപാടി

ഇ.ഡ്രൈഡേ സന്ദേശം എല്ലാവീടുകളിലേക്കും

എഫ് . ബോധവത്കരണ പ്രവർത്തനങ്ങൾ

ഓരോ വാർഡിലും ക്ലീനിംഗ് വേസ്റ്റ് ഡിസ്പോസൽ, സാനിട്ടേഷൻ മുതലായവ നടത്തിയതിന് 10000/- രൂപ വീതം നൽകിയ സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ചെലവ് നടത്തിയതിന്റെ വിശദമായ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി(നം. 47/18-12-19) യുടെ അടിസ്ഥാനത്തിൽ രേഖകൾ ഹാജരാക്കിയെങ്കിലും ആയതിൽ മേൽ സൂചിപ്പിച്ച ഉത്തരവിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. ആയതിനാൽ ചെലവ് തുക 160000/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-49 എസ്. എസ്. എ. വിഹിതം - നല്കിയ തുകയേക്കാൾ അധിക തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം

| | |
|---|---|
| പ്രോജക്ട് നം. | SO013/ 19 |
| പേര് | SSA വിഹിതം ജനറൽ |
| അടങ്കൽ | 50000 (വികസനഫണ്ട് ജനറൽ) |
| ചെലവ് | 50000 |
| ബിൽ നമ്പർ | 4/1.6.18 |
| നിർവ്വഹണം | എച്ച്.എം. |

| | |
|---|---|
| പ്രോജക്ട് നമ്പർ | SO014/ 19 |
| പേര് | SSA വിഹിതം എസ് സി പി |
| അടങ്കൽ | 276800 (വികസന ഫണ്ട്- SCP) |
| ചെലവ് | 276800 |
| ബിൽ നമ്പർ | 5/1.6.18 തുക125000<br>21/12.3.19 തുക151800 |
| നിർവ്വഹണം | എച്ച്.എം. |

പ്രസ്തുത പദ്ധതികൾ പ്രകാരം എസ് എസ് എ വിഹിതമായി (ജനറൽ +എസ് സി പി) 326800/- രൂപ എസ്.എസ്.എ ജില്ല പ്രോജക്ട് ഓഫീസിന് കൈമാറി. എന്നാൽ പഞ്ചായത്തിൽ നിന്നും 776800 രൂപ ഇ -ട്രാൻസ്ഫർ വഴി ലഭിച്ചതായും ആയത് എസ്.എസ്.എ യുടെ വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിച്ചതായും ഉള്ള സർട്ടിഫിക്കറ്റ്

എസ്.എസ്.എ യിൽ നിന്നും ലഭ്യമായിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും എസ്.എസ്.എ വിഹിതം അടച്ച തുകയും വിനിയോഗ സാക്ഷ്യപത്രം പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിനിയോഗത്തിന്റെ വ്യക്തതയ്ക്ക് രേഖകൾ ലഭ്യമാക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 44/18.12.19ന്റെ മറുപടി). നല്കാത്ത തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം നല്കിയിരിക്കുന്നതിൽ നിന്നും കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയല്ല എസ്.എസ്.എ വിനിയോഗ സാക്ഷ്യപത്രം നല്കുന്നതെന്ന് വ്യക്തമാണ്. അതിനാൽ പഞ്ചായത്തിൽ നിന്ന് നല്കുന്ന തുകയ്ക്കുള്ള പ്രവൃത്തികൾ അതാത് സ്കൂളുകളിൽ ലഭ്യമാകുന്നുണ്ട് എന്ന് ഭരണ സമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-50 സാക്ഷരത - രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO181 / 19 |
| പേര് | സാക്ഷരത |
| അടങ്കൽ | 165000 (വികസനഫണ്ട്) |
| ചെലവ് | 165000 |
| ബിൽ നമ്പർ | 10/7.11.18 |
| നിർവ്വഹണം | എച്ച്.എം. |

തുല്യതാ പഠനം, പഠിതാക്കളുടെ ഫീസ് നൽകൽ എന്ന ആവശ്യത്തിലേക്കായി 165000 രൂപ പിൻവലിച്ചിട്ടുണ്ട്. പഠിതാക്കളുടെ ലിസ്റ്റ്, തുല്യത പഠനത്തിന്റെ വിശദാംശം, രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം, രജിസ്റ്റർ ചെയ്തവരിൽ പരീക്ഷ എഴുതിയവരുടെ എണ്ണം, പരീക്ഷ ഫീസ് അടച്ചതിന്റെ വിവരങ്ങൾ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്(എൻക്വയറി നമ്പർ 44/18.12.2019). രേഖകളുടെ അഭാവത്തിൽ 165000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-51 കായിക വികസനം -നടപടിക്രമങ്ങളിലെ അപാകങ്ങൾ

എ)

| | |
|---|---|
| പ്രോജക്ട് നമ്പർ | SO119/ 19 |
| പേര് | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങൽ |
| അടങ്കൽ | 100000(വികസനഫണ്ട്) |
| ചെലവ് | 98308 |
| ബിൽ നമ്പർ | 18/1.2.19 |
| നിർവ്വഹണം | എച്ച്.എം. |

പഞ്ചായത്തിലെ രജിസ്ട്രേഷനും അംഗീകാരവുമുള്ള 5 യുവജന ക്ലബ്ബുകൾക് 10 സ്പോർട്സ് കിറ്റ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട്.

ബി)

| | |
|---|---|
| പ്രോജക്ട് നമ്പർ | SO121/ 19 |
| പേര് | കായിക വികസനം ടീം രൂപീകരിക്കൽ |
| അടങ്കൽ | 120000 (വികസനഫണ്ട്) |
| ചെലവ് | 99897 |
| ബിൽ നമ്പർ | 19/7.2.19 |
| നിർവ്വഹണം | എച്ച്.എം. |

ഗ്രാമപഞ്ചായത്തിലെ സ്പോർട്സ് ടീം രൂപീകരിക്കുന്നതിനുള്ള പദ്ധതി. കായികക്ഷമതയുള്ള യുവജനങ്ങളെ കണ്ടെത്തി ദീർഘവീക്ഷണത്തോടെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികളും മേളകളും നടപ്പിലാക്കാനും വോളീബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി എന്നീ ടീമുകളുടെ രൂപീകരണവും ആണ് ലക്ഷ്യമിട്ടിരുന്നത്. ഒരു ഇനത്തിന് 30000 രൂപ ക്രമത്തിൽ 120000 രൂപ വകയിരുത്തി.

പ്രസ്തുത പ്രോജക്ടുകളിൽ ചുവടെചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

i) രണ്ട് പ്രോജക്ടുകളിലുമായി സിറ്റി സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങുക മാത്രമാണ് ചെയ്തിരിക്കുന്നത്.

ii)ഉപകരണങ്ങൾ വാങ്ങാൻ പ്രസ്തുത സ്ഥാപനത്തെ തിരഞ്ഞെടുത്തതിന്റെ അടിസ്ഥാനം വ്യക്തമല്ല. ഉപകരണങ്ങൾക്കായി ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകളോ, ലഭിച്ച ടെണ്ടറുകളിൽ

നിന്ന് സിറ്റി സ്പോർട്സിനെ തിരഞ്ഞെടുത്തു കൊണ്ടുള്ള ഭരണ സമിതി തീരുമാനമോ ലഭ്യമാക്കിയില്ല.

iii)ലഭ്യമാക്കിയ ടെന്റർ പ്രകാരം ജഴ്സിയൊന്നിന് 300 രൂപയാണ് ക്വാട്ട് ചെയതിരുന്നതെങ്കിലും 500രൂപയ്ക്കാണ് 45 ജഴ്സികൾ വാങ്ങിയിരിക്കുന്നത്. മികച്ച ജഴ്സി വാങ്ങണമെന്ന ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം വാങ്ങിയതെന്നും രേഖകൾ ഹാജരാക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്(എൻക്വയറി നമ്പർ 44/18.12.2019). മറുപടി അംഗീകരിക്കാവുന്നതല്ല. അധികമായി 9000 രൂപ (45x200 )നൽകിയിട്ടുണ്ട്.

iv) ഒരേ സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങൾക്ക് വ്യത്യസ്ത വില നൽകിയിട്ടുണ്ട്.

| ക്രമ നം. | ഇനം | ഇൻവോയ്സ് 3827 പ്രകാരം ഒന്നിന്റെ വില | ഇൻവോയ്സ് 3829 പ്രകാരം ഒന്നിന്റെ വില |
|---|---|---|---|
| 1 | volleyball cosco super volley | 1116 രൂപ (10 എണ്ണം ) | 1250 രൂപ ( 6എണ്ണം ) |
| 2 | cricket bat | 1116 രൂപ (40 എണ്ണം ) | 1250 രൂപ ( 12എണ്ണം ) |

v)സിറ്റി സ്പോർട്സ് എന്ന സ്ഥാപനം നൽകിയ ടെണ്ടറിൽ നിന്നും വ്യത്യസ്തമായ വിലയിലും സ്പെസിഫിക്കേഷനിലുമുള്ള ഉപകരണങ്ങൾ വാങ്ങ്ങിയിട്ടുണ്ട്.

| ക്രമ നം. | ക്വാട്ട് ചെയ്ത ഇനവും സ്പെസിഫിക്കേഷനും | വാങ്ങിയ ഇനവും സ്പെസിഫിക്കേഷനും |
|---|---|---|
| 1 | shuttle bat yonex303 - 500രൂപ / piece<br>shuttlebat yonex-mp29 - 2300/piece | shuttle bat yonex6000 - 1600രൂപ/piece(12 piece) |
| 2 | shuttlenet kbf -700രൂപ /piece | shuttle net gupta -1700രൂപ/piece (6 piece) |
| 3 | volley net- 700രൂപ/piece | volley ball net saga -1500രൂപ/piece (6 piece) |

vi) കായിക ടീം രൂപീകരണം എന്ന പ്രോജക്റ്റിൽ രൂപീകരിച്ച ടീമുകളുടെ വിവരം, ടീം അംഗങ്ങളുടെ പേര്, അംഗങ്ങളെ തിരഞ്ഞെടുത്ത രീതി, പരിശീലകന്റെ വിവരങ്ങൾ,

പരിശീലനം നടന്ന സ്ഥലം, പരിശീലകർക്കുള്ള വേതനത്തിന്റെ വിവരങ്ങൾ എന്നിവ ലഭ്യമല്ല

.

vii) ആകെയുള്ള 15 ക്ലബുകളിൽ അഞ്ച് ക്ലബുകൾക്ക് രണ്ട് പ്രോജക്റ്റ് വഴിയും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

ഭരണ സമിതി തീരുമാന പ്രകാരമാണ് സിറ്റി സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതെന്ന് വിശദീകരിച്ചിട്ടുണ്ട് (എൻക്വയറി നമ്പർ 44/18.12.2019). കായിക ടീം രൂപീകരിച്ചിട്ടുണ്ടെന്നും അതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 198205 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-52 പ്രഭാത ഭക്ഷണം നൽകൽ -പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് ഉപകരണങ്ങൾ വാങ്ങി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO 144/ 19 |
| പേര് | ഗവണ്മെന്റ് LP UP സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകൽ |
| അടങ്കൽ | 175000 (വികസനഫണ്ട്) |
| ചെലവ് | 135270 |
| ബിൽ നമ്പർ | 1/24.5.18 തുക67010<br>9/7.11.18 തുക68260 |

പ്രസ്തുത സ്പിൽ ഓവർ പ്രോജക്ടിൽ ആകെ ചെലവായ 135270 രൂപയിൽ 5595 രൂപയ്ക്ക് മാത്രമാണ് ഭക്ഷണ സാധനങ്ങൾ വാങ്ങിയത്. ബാക്കി തുകയ്ക്ക് റഫ്രിജറേറ്റർ, ഗ്രൈൻഡർ എന്നീ ഉപകരണങ്ങൾ വാങ്ങുകയാണ് ചെയ്തത്. പ്രോജക്ടിന്റെ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചതിനു വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞില്ല. ഉപകരണങ്ങൾ വാങ്ങിയതിന് നടപടിക്രമങ്ങൾ പാലിച്ചില്ല . 2017-18 സാമ്പത്തിക വർഷത്തിൽ ആരംഭിക്കേണ്ടിയിരുന്ന പ്രോജക്റ്റ് 2018 മാർച്ച് അവസാനമാണ് നിർവ്വഹിക്കാൻ കഴിഞ്ഞതെന്നും ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഉപകരണങ്ങൾ വാങ്ങിയതെന്നും രേഖകൾ ലഭ്യമാക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്

(ഓഡിറ്റ് എൻക്വയറി നമ്പർ 44/18.12.19ന്റെ മറുപടി). വ്യക്തമായ വിശദീകരണത്തിന്റെയും ആവശ്യമായ രേഖകളുടെയും അഭാവത്തിൽ 135270 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 -

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 -

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13.05.2019 മുതൽ 14.05.2019വരെ | കെ.എസ്.എ.റ്റി.വി.എം./ ജി.പി.8/864/19 തീയതി 25.06.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 29750 | കേദാരം സമഗ്ര നെൽകൃഷി വികസനം ഒന്നാം വിള | 29750 | 0 |
| | | 56000 | ഹരിത ഭവനം | 56000 | 0 |
| | | 25500 | കേദാരം സമഗ്ര നെൽകൃഷി വികസനം രണ്ടാം വിള | 25500 | 0 |
| | | 558419 | ലൈഫ് | 334898 | 223521 |
| | | 163875 | സ്നേഹസ്പർശം | 163875 | 0 |
| | | 119250 | ശാരിരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 107100 | 12150 |
| | | 85000 | പാലുല്പാദനത്തിന് സബ്സിഡി - ക്ഷീരസമൃദ്ധി (വനിത) | 85000 | 0 |
| | | 60000 | പാലുല്പാദനത്തിന് സബ്സിഡി - ക്ഷീരസമൃദ്ധി | 60000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 59500 | കേദാരം സമഗ്ര നെൽകൃഷി വികസനം ഒന്നാം വിള | 59500 | 0 |
| | | 25500 | കേദാരം സമഗ്ര നെൽകൃഷി വികസനം രണ്ടാം വിള | 25500 | 0 |
| | | 1054000 | ലൈഫ് | 195300 | 858700 |
| | | 163875 | സ്നേഹസ്പർശം | 163875 | 0 |
| | | 200000 | പാലുല്പാദനത്തിന് സബ്സിഡി - ക്ഷീരസമൃദ്ധി (വനിത) | 200000 | 0 |
| | | 200000 | പാലുല്പാദനത്തിന് സബ്സിഡി - ക്ഷീരസമൃദ്ധി | 200000 | 0 |
| | | 21600 | കിണർ റീച്ചാർജ്ജ് | 0 | 21600 |

| | 17-18 B4 | 18-19 RP 31 | ആകെ | സുലേഖ സ്റ്റേറ്റ്മെന്റ് | 18-19 B4 |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | പ്രകാരം മുന്നിരിപ്പ് | പ്രകാരം | | പ്രകാരം ചെലവ് | പ്രകാരം നീക്കിയിരിപ്പ് |
| ജില്ല പഞ്ചായത്ത് വിഹിതം | 0 | 1097794 | 1097794 | 862123 | 235671 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 1724475 | 1724475 | 844175 | 880300 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ്(167/19) | 163220 | 0 | 163220 |
| കെ.എസ്.ഇ.ബി | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (150/19) | 58323 | 0 | 58323 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (219/19) | 1900000 | 0 | 1900000 |
| കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 588489 | 0 | 588489 |

നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പ് വിശദാംശം ചുവടെചേർക്കും പ്രകാരമാണ്.

| | വാട്ടർ അതോറിറ്റി | കെ.എസ്.ഇ.ബി. |
|---|---|---|
| 17-18 B-18 പ്രകാരം നീക്കിയിരിപ്പ് | 1150000 | 1345625 |
| സുലേഖ ചെലവ് പത്രിക പ്രകാരം 18-19 വർഷത്തെ നിക്ഷേപം | 588489 | 2121543 |
| ആകെ | 1738489 | 3467168 |
| 18-19 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 1738489 | 3266801 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8100000 രൂപ വരവുണ്ട്. പ്രസ്തുത തുക പൂർണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം.എസ്) 68/18 തീയതി 15.05.2018 | 8100000 | - | - | - | 8100000 |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.(സാ) നമ്പർ 320/2010 ത.സ്വ.ഭ.വ തീയതി 29.01.2010 | 12044825 | 1773305 | 650000 | - | 1123305 |
| ആർ.ഡി.ബി.വായ്പ | വിവരം ലഭ്യമല്ല | | 435000 | - | - | 435000 |

# 4-6 സ്ഥിര നിക്ഷേപം

| സർട്ടിഫിക്കറ്റ് നമ്പർ | നിക്ഷേപ തുക | മെച്യൂരിറ്റി തീയതി | പലിശ | നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| AA081570/14852 dtd.22.12.14 | 150000 (150/19) | 22.12.2024 | 13128 | ആറ്റിങ്ങൽ ട്രഷറി |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (219/19) | 1900000 | 0 | 1900000 |
| കെ.ഡബ്ല്യു.എ | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 588489 | 0 | 588489 |

# 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|---|
| 1 | 2003-04 | 3-1 | 138 | അനിൽകുമാർ | 118050100461/24.04.18 |
| 2 | 2015-16 | 3-11 | 4000 | സത്മം.എസ് | 118050101740/11.07.18 |
| 3 | 2016-17 | 2-1 | 550 | ബ്രാഞ്ച് മാനേജർ | 118050400010/30.08.18 |
| ആകെ | | | 4688 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-11 | 2013-14 | 6.1.2 | പെർഫൊമൻസ് ഗ്രാന്റ് വിനിയോഗം | നിയമ സഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 | 3-12 | 2013-14 | 6.4 | തെരുവ് വിളക്ക് രജിസ്റ്റർ പരിപാലനം | നിയമ സഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 | 3-12 | 2013-14 | 6.4.1 | തെരുവ് വിളക്ക് അറ്റകുറ്റപണിയിൽ കണ്ടെത്തിയ അപാകതകൾ | നിയമ സഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 77401091 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 74404572 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4593371 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 738480 | ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി (376800രൂപ)<br>ശ്രീമതി എ.ആർ.അരുണപ്രഭ, സെക്രട്ടറി (361680രൂപ) |
| 1-27 | 240000 | ശ്രീമതി എ.ആർ.അരുണപ്രഭ, സെക്രട്ടറി |
| 1-28 | 90874 | ശ്രീമതി എ.ആർ.അരുണപ്രഭ, സെക്രട്ടറി |
| 1-31 | 1900000 | ശ്രീമതി എ.ആർ.അരുണപ്രഭ, സെക്രട്ടറി |
| 1-32 | 588489 | ശ്രീമതി എ.ആർ.അരുണപ്രഭ, സെക്രട്ടറി |
| 1-35 | 101464 | ശ്രീമതി എ.ആർ.അരുണപ്രഭ, സെക്രട്ടറി |
| 1-41 | 40000 | ശ്രീമതി സുജ.ബി, വി.ഇ.ഒ (സർക്കിൾ 2) |
| 1-44 | 35589 | ഡോ. പ്രീത.ബി.എസ്,<br>മെഡിക്കൽ ഓഫീസർ - ആയുർവേദം |

| | | |
|---|---|---|
| 1-47 | 200000 | ഡോ. രാമകൃഷ്ണബാബു,<br>മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. |
| 1-48 | 160000 | ഡോ. രാമകൃഷ്ണബാബു,<br>മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. |
| 1-50 | 165000 | ശ്രീ. ശ്രീകുമാർ.ജി.എസ്, എച്ച്.എം. |
| 1-51 | 198205 | ശ്രീ. ശ്രീകുമാർ.ജി.എസ്, എച്ച്.എം. |
| 1-52 | 135270 | ശ്രീ. ശ്രീകുമാർ.ജി.എസ്, എച്ച്.എം. |
| ആകെ | 4593371 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം |
|---|---|---|
| ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി | കടകംപള്ളിൽ വീട്,<br>സി.എൻ.ആർ.എ. 137 എ1,<br>ചാത്തിയോട്,<br>നാലാഞ്ചിറ | സെക്രട്ടറി,<br>കിളിമാനൂർ ഗ്രാമപഞ്ചായത്ത് |
| ശ്രീമതി എ.ആർ.അരുണപ്രഭ, സെക്രട്ടറി | അരുണോദയം,<br>കുടവൂർ.പി.ഒ.,<br>തോന്നക്കൽ | വിരമിച്ചു |
| ശ്രീമതി സുജ.ബി,<br>വി.ഇ.ഒ. -(സർക്കിൾ2) | വണ്ടാന്റവിള,<br>വക്കം.പി.ഒ. | വി.ഇ.ഒ.<br>കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് |
| ഡോ. പ്രീത.ബി.എസ്,<br>മെഡിക്കൽ ഓഫീസർ - ആയുർവേദം | ശ്രീലകം,<br>മൈതാനം,<br>വർക്കല | മെഡിക്കൽ ഓഫീസർ, ആയുർവേദാശുപത്രി,<br>കടയ്ക്കാവൂർ |
| ഡോ. രാമകൃഷ്ണബാബു, | ഗായത്രി മഠം,<br>ശ്രീനിവാസപുരം, | മെഡിക്കൽ ഓഫീസർ,<br>ആർ.എച്ച്.സി, |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | വർക്കല | വക്കം |
| ശ്രീ. ശ്രീകുമാർ.ജി.എസ്,<br>ഹെഡ് മാസ്റ്റർ | ഉജ്ജയിനി,<br>തോട്ടയ്ക്കാട്.പി.ഒ.<br>കല്ലമ്പലം. | ഹെഡ് മാസ്റ്റർ,<br>ബി.വി.യു.പി.എസ്,<br>കീഴാറ്റിങ്ങൽ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 1 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 1 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 3 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 4 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 4 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 4 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 1 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | - | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/852/2018 തീയതി 05.06.2018 | 17 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2406/18 തീയതി 07.12.2018 | 40 | |

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്**

എസ്.30/1/2020

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ **കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19** -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

**ഒപ്പ്**
**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**